# കേരളപാഠാവലി

# മലയാളം

## ഭാഗം 2

## V

കേരളസർക്കാർ
പൊതുവിദ്യാഭ്യാസവകുപ്പ്

തയ്യാറാക്കിയത്
സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT) കേരളം

2024

## ദേശീയഗാനം

ജനഗണമന അധിനായക ജയഹേ
ഭാരത ഭാഗ്യവിധാതാ,
പഞ്ചാബസിന്ധു ഗുജറാത്ത മറാഠാ
ദ്രാവിഡ ഉത്ക്കല ബംഗാ,
വിന്ധ്യഹിമാചല യമുനാഗംഗാ,
ഉച്ഛ്വലജലധിതരംഗാ,
തവശുഭനാമേ ജാഗേ,
തവശുഭ ആശിഷ മാഗേ,
ഗാഹേ തവ ജയഗാഥാ
ജനഗണമംഗലദായക ജയഹേ
ഭാരത ഭാഗ്യവിധാതാ.
ജയഹേ, ജയഹേ, ജയഹേ,
ജയ ജയ ജയ ജയഹേ!

## പ്രതിജ്ഞ

ഇന്ത്യ എന്റെ രാജ്യമാണ്. എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീസഹോദരന്മാരാണ്.

ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു; സമ്പൂർണ്ണവും വൈവിധ്യ പൂർണ്ണവുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനംകൊള്ളുന്നു.

ഞാൻ എന്റെ മാതാപിതാക്കളെയും ഗുരുക്കന്മാരെയും മുതിർന്നവരെയും ബഹുമാനിക്കും.

ഞാൻ എന്റെ രാജ്യത്തിന്റെയും എന്റെ നാട്ടുകാരുടെയും ക്ഷേമത്തിനും ഐശ്വര്യത്തിനും വേണ്ടി പ്രയത്നിക്കും.

**State Council of Educational Research and Training (SCERT)**
Poojappura, Thiruvananthapuram 695012, Kerala.
website : www.scert.kerala.gov.in
email : scertkerala@gmail.com
phone : 0471-2341883, Fax : 0471-2341869
Printed at : KBPS, Kakkanad, Kochi-30

പ്രിയപ്പെട്ട കുട്ടികളേ,

പുതുവിഭവങ്ങളും പുത്തൻ പ്രവർത്തനങ്ങളുമായി മലയാള പാഠപുസ്തകം നിങ്ങളുടെ കൈയിലെത്തുകയാണ്. രസിച്ചു വായിക്കാനും എഴുതാനും മാത്രമല്ല പറയാനും ചൊല്ലാനും വരയ്ക്കാനും കളിക്കാനും അഭിനയിക്കാനുമുള്ള ഒട്ടേറെ അവസരങ്ങൾ ഈ പുസ്തകത്തിലുണ്ട്.

മലയാളത്തിലെ മികച്ച എഴുത്തുകാരെയും പുസ്തകങ്ങളെയും പരിചയപ്പെടാനുള്ള ഒരു വഴിയായി ഈ പാഠപുസ്തകത്തെ പ്രയോജനപ്പെടുത്തുമല്ലോ.

പുസ്തകത്തിലെ ഉള്ളടക്കം വിശാലമായ ഭാഷാലോകത്തേക്കു പ്രവേശിക്കാനുള്ള ഒരു ചുവട് മാത്രമാണ്. തുടർവായനകളിലൂടെയും ഐ.സി.ടി.സാധ്യതകൾ പ്രയോജനപ്പെടുത്തിയും പ്രാദേശിക വായനശാലകൾ അടക്കമുള്ള സാധ്യതകൾ ഉപയോഗിച്ചും വിദഗ്ധരുമായി ചർച്ച നടത്തിയും മാതൃഭാഷയുടെ സുന്ദരമായ തലങ്ങളിലേക്കെത്താം.

വായന പാഠപുസ്തകത്തിൽനിന്ന് മനുഷ്യജീവിതത്തിലേക്കും പ്രപഞ്ചത്തിലേക്കും ഒഴുകിപ്പരക്കട്ടെ. നിങ്ങളുടെ ഭാഷയ്ക്ക് അഴകും കരുത്തും വർധിക്കട്ടെ.

**ആശംസകളോടെ,**

**ഡോ. ജയപ്രകാശ് ആർ. കെ.**
**ഡയറക്ടർ**
**എസ്.സി.ഇ.ആർ.ടി., കേരളം**

# പാഠപുസ്തകരചന
## ശില്പശാലയിൽ പങ്കെടുത്തവർ

### അഡ്വൈസർ

**ഡോ. അനിൽ വള്ളത്തോൾ**
*മുൻ വൈസ് ചാൻസലർ,*
*തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാല*

### ചെയർപേഴ്സൺ

**ഡോ. അജയൻ പനയറ**
*അസോ. പ്രൊഫസർ, യൂണിവേഴ്സിറ്റി*
*കോളേജ്, തിരുവനന്തപുരം*

### വിദഗ്ധർ

**ഡോ. റീജ വി.**
*പ്രൊഫസർ & വകുപ്പദ്ധ്യക്ഷ, മലയാള വിഭാഗം,*
*കണ്ണൂർ സർവകലാശാല*

**ഡോ. ലാലു വി.**
*വകുപ്പദ്ധ്യക്ഷൻ, മലയാള വിഭാഗം*
*ഗവ. കോളേജ്, കട്ടപ്പന*

**ഡോ. ശുഭ കെ.**
*അസി. പ്രൊഫസർ, തുഞ്ചത്തെഴുച്ഛൻ*
*മലയാള സർവകലാശാല*

**ഡോ. കെ രാമചന്ദ്രൻ,**
*സീനിയർ ലക്ചറർ (റിട്ട.)*
*ഡയറ്റ്, പാലക്കാട്*

### അംഗങ്ങൾ

**പി. എം. നാരായണൻ**
*റിട്ട. പ്രധാനാധ്യാപകൻ, കെ.എ.യു.പി. സ്കൂൾ,*
*എളമ്പുലാശ്ശേരി, പാലക്കാട്*

**മനോഹരൻ കെ.**
*റിട്ട. പ്രധാനാധ്യാപകൻ, എ.യു.പി. സ്കൂൾ*
*പുലാശ്ശേരിക്കര, പട്ടാമ്പി, പാലക്കാട്*

**സുഭാഷ് വി.**
*പ്രധാനാധ്യാപകൻ, ജി.എൽ.പി.എസ്.*
*ഇളമ്പ, തിരുവനന്തപുരം*

**ഡോ. പി. കെ. ജയരാജൻ**
*എച്ച്.എസ്.ടി. മലയാളം, ജി.എച്ച്.എസ്.എസ്.*
*ചെർക്കള സെൻട്രൽ, കാസറഗോഡ്*

**ജയശ്രീദേവി ജി.**
*പ്രധാനാധ്യാപിക, ഗവ. യു.പി.എസ്.*
*വരവൂർ, റാന്നി, പത്തനംതിട്ട*

**വിനോദൻ ടി. പി.**
*എൻ.എം.യു.പി.എസ്.*
*അക്കര, പാലക്കാട്*

**ഇന്ദിരാദേവി പി.**
*ട്രെയിനർ, ബി.ആർ.സി.*
*കൊണ്ടോട്ടി, മലപ്പുറം*

**അബ്ദുൾ ജലീൽ കെ. പി.**
*ജി.യു.പി.എസ്., അരിയല്ലൂർ, മലപ്പുറം*

**സന്തോഷ് കെ. സക്കറിയ**
*ഡയറ്റ്ലാബ് സ്കൂൾ, മായിപ്പാടി*
*കാസറഗോഡ്*

**സുജാത പി. വി.**
*റിട്ട. ഹെഡ്മിസ്ട്രസ്, ജി.എൽ.പി.എസ്.*
*കൂലേരി, കാസർകോഡ്*

**രാജശേഖരൻതമ്പി കെ.**
*പി.ഡി. ടീച്ചർ, ജി.യു.പി.എസ്.*
*വെള്ളുത്തുരുത്തി, കോട്ടയം*

**വിജു എൽ. എൻ.**
*എച്ച്.എസ്.എസ്.ടി. ജി.ജി.എച്ച്.എസ്.എസ്.*
*പേരൂർക്കട, തിരുവനന്തപുരം*

**ശ്രീജ പള്ളം**
*ജി.എസ്.ബി.എസ്., പഴയലക്കിടി, പാലക്കാട്*

**വിബിൻനാഥ് ടി. കെ.**
*ശ്രീകൃഷ്ണപുരം ഹയർ സെക്കന്ററി സ്കൂൾ പാല*
*ക്കാട്*

**നിഷ രവീന്ദ്രൻ**
*ആർടിസ്റ്റ്, മഞ്ചേരി, മലപ്പുറം*

### അക്കാദമിക് കോ-ഓർഡിനേറ്റർ

**ഡോ. ശശി എം.ടി.** റിസർച്ച് ഓഫീസർ, എസ്.സി.ഇ.ആർ.ടി.

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT)
വിദ്യാഭവൻ, പൂജപ്പുര, തിരുവനന്തപുരം 695 012

# ഉള്ളടക്കം


## 4 കുടയോളം ഭൂമി

മഴ ചാറുമ്പോൾ ........................................................ 72

ഇതാ ഒരു മായാലോകം ............................................ 75

ഡാലിയമ്മൂമ്മയുടെ പുഴ ........................................ 80

## 5 കടലോളം സ്നേഹം

എന്റെ അമ്മ ........................................................ 88

മരങ്ങളുടെ ഭാഷ ....................................................... 92

പട്ടം പറപ്പിക്കട്ടെ ....................................................... 97

# ഭാരതത്തിന്റെ ഭരണഘടന

## ആമുഖം

**ഭാരതത്തിലെ ജനങ്ങളായ നാം** ഭാരതത്തെ ഒരു [1]**[പരമാധികാര സ്ഥിതിസമത്വ മതേതര ജനാധിപത്യ റിപ്പബ്ലിക്കായി]** സംവിധാനം ചെയ്യുവാനും അതിലെ പൗരന്മാർക്കെല്ലാം:

സാമൂഹ്യവും സാമ്പത്തികവും രാഷ്ട്രീയവും ആയ **നീതിയും;**

ചിന്തയ്ക്കും ആശയപ്രകടനത്തിനും വിശ്വാസത്തിനും മതനിഷ്ഠയ്ക്കും ആരാധനയ്ക്കും ഉള്ള **സ്വാതന്ത്ര്യവും;**

പദവിയിലും അവസരത്തിലും **സമത്വവും;**
സംപ്രാപ്തമാക്കുവാനും;

അവർക്കെല്ലാമിടയിൽ

വ്യക്തിയുടെ അന്തസ്സും [2][രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും] ഉറപ്പുവരുത്തിക്കൊണ്ട് **സാഹോദര്യം** പുലർത്തുവാനും;

സഗൗരവം തീരുമാനിച്ചിരിക്കയാൽ;

**നമ്മുടെ ഭരണഘടനാനിർമ്മാണസഭയിൽ** ഈ 1949 നവംബർ ഇരുപത്താറാം ദിവസം **ഇതിനാൽ ഈ ഭരണഘടനയെ സ്വീകരിക്കുകയും നിയമമാക്കുകയും നമുക്കു തന്നെ പ്രദാനം ചെയ്യുകയും ചെയ്യുന്നു.**

---

1. 1976 - ലെ ഭരണഘടന (നാല്പത്തിരണ്ടാം ഭേദഗതി) ആക്റ്റ് 2-ാം വകുപ്പു പ്രകാരം "പരമാധികാര ജനാധിപത്യ റിപ്പബ്ലിക്" എന്നതിന് പകരം ചേർത്തത് (3.1.1977 മുതൽ പ്രാബല്യം).
2. മേല്പറഞ്ഞ ആക്റ്റ് 2-ാം വകുപ്പു പ്രകാരം "രാഷ്ട്രത്തിന്റെ ഐക്യം" എന്നതിനു പകരം ചേർത്തത് (3.1.1977 മുതൽ പ്രാബല്യം).

# 4

# കുടയോളം ഭൂമി



**ഭൂമി**

*കാറ്റിനുണ്ട്,*
*ഇലയുടെയും കിളിയുടെയും മണം.*
*പാറക്കെട്ടിലൂടെ കുത്തിയൊലിക്കുമ്പോൾ*
*പുഴ ഒരു ഗായകനാവുന്നു.*
*ഇപ്പോൾ മഴയും പുഴയും*
*കാറ്റും കിളിയുമെല്ലാം*
*ഒന്നിച്ചു തുഴയുന്നുണ്ട്.*
*ഇനിയവർ തനിച്ചാവുമോ?*

*'ഇനിയവർ തനിച്ചാവുമോ?' എന്ന ചോദ്യത്തിലാണ് കവിത അവസാനിക്കുന്നത്. ഇങ്ങനെ പറയാൻ കാരണമെന്താവാം? ചർച്ച ചെയ്യൂ.*

പുഴയുടെ കൂട്ടുകാരിയായ ചാറ്റൽമഴയെത്തിക്കഴിഞ്ഞല്ലോ

# മഴ ചാറുമ്പോൾ

*ദൂരെദൂരെക്കിഴക്കുനിന്നെത്തും*
*വാരിദങ്ങൾ ചിതറി നീങ്ങുന്നു;*
*വെള്ളിതൻ നേർത്ത കമ്പികൾപോലെ*
*മെല്ലെ മെല്ലെ മഴ പൊഴിയുന്നു.*



താഴെ വീഴ്കയാലാകൃതി മാറും
കാർമുകിലിൻ നുറുങ്ങുകൾപോലെ
ചേറിളകും വയലിലെമ്പാടും
ഞാറു നട്ടുനില്ക്കുന്നു പെണ്ണാൾകൾ.

ചേണിലുള്ളം കുളിർക്കയാലാണോ,
ക്ഷീണമുള്ളതു മാറ്റുവാനാണോ,
ഒത്തുചേർന്നവർ തങ്ങൾതന്നോർമ്മ-
യ്യൊത്ത തേൻമൊഴിപ്പാട്ടു പാടുന്നു.

നല്ലൊരീ മഴച്ചാറ്റലും കാറ്റും
ഉള്ളിനുള്ളിൽനിന്നോലുമിപ്പാട്ടും
ഇപ്പൊഴെങ്ങാൻ വിടർന്നിടും പൂവിൻ
സ്വപ്നവും ചേർന്നിതെന്തൊരുന്മാദം!

**തിരുനല്ലൂർ കരുണാകരന്റെ കവിതകൾ** **തിരുനല്ലൂർ കരുണാകരൻ**

### കവിത ചൊല്ലാം
കവിത ഈണത്തിൽ ഭാവാത്മകമായി ചൊല്ലി അവതരിപ്പിക്കുക.

### കവിതയ്ക്കൊപ്പം
ഈ കവിതയിൽ നിങ്ങൾക്ക് ഇഷ്ടപ്പെട്ട വരികൾ ഏതെല്ലാമാണ്? എന്തുകൊണ്ടാണ് ഇഷ്ടപ്പെട്ടത്? പറഞ്ഞുനോക്കൂ. നോട്ടുപുസ്തകത്തിലെഴുതൂ.

### ചന്തമുള്ള ഭാഷ
വെള്ളിതൻ നേർത്ത കമ്പി, കാർമുകിലിൻ നുറുങ്ങ്, ഉള്ളിനുള്ളിൽനിന്നോലുമിപ്പാട്ട് തുടങ്ങിയ പ്രയോഗങ്ങളുടെ ആശയവും ഭംഗിയും കൂട്ടുകാരുമായി ചർച്ച ചെയ്ത് കണ്ടെത്തി എഴുതൂ.

### പിന്നെയും പിന്നെയും
"ദൂരെദൂരെക്കിഴക്കുനിന്നെത്തും
വാരിദങ്ങൾ ചിതറി നീങ്ങുന്നു."
'ദൂരെദൂരെ' എന്നു പറയുമ്പോൾ അർഥമാക്കുന്നതെന്താണ്?
ഇതുപോലുള്ള കൂടുതൽ പ്രയോഗങ്ങൾ കവിതയിൽനിന്നു കണ്ടെത്തി അവ കവിതയ്ക്ക് നൽകുന്ന ഭംഗി ചർച്ച ചെയ്യൂ.
ഇങ്ങനെ ഒരേ പദം ആവർത്തിച്ചുവരുന്ന സിനിമാഗാനങ്ങൾ നിങ്ങൾക്ക് പരിചയമുണ്ടാകുമല്ലോ. പാടിനോക്കൂ.

ഉദാ: മിനുങ്ങും മിന്നാമിനുങ്ങേ
മിന്നിമിന്നി തേടുന്നതാരേ
വരുമോ ചാരേ നിന്നച്ഛൻ

**ബി. കെ. ഹരിനാരായണൻ**

### വരമഴ, വർണമഴ

കവിത വായിച്ചപ്പോൾ മനസ്സിൽ തെളിഞ്ഞ മഴച്ചിത്രങ്ങൾ നോട്ടുപുസ്തകത്തിൽ വരച്ചുനോക്കൂ.
വരച്ച ചിത്രങ്ങൾക്ക് കവിതയിലെ യോജിച്ച വരികളോ നിങ്ങളുടെ സ്വന്തം വാക്യങ്ങളോ അടിക്കുറിപ്പായി ചേർക്കുമല്ലോ.
കവിതയിലെ കാഴ്ചകൾക്കു പുറമേ മഴയെക്കുറിച്ച് വേറെയും ചിത്രങ്ങൾ വരച്ച് ക്ലാസിൽ ഒരു മഴച്ചിത്രപ്രദർശനം നടത്തൂ.

### മഴയനുഭവം പലതല്ലേ?

### രണ്ടു മഴക്കാഴ്ചകൾ

മട്ടുപ്പാവിലിരുന്നൊരു കുട്ടി
മഴ കാണുന്നുണ്ട്.
പട്ടുകുടയ്ക്ക് പുറത്തൊരു പട പട
കൊട്ടുകൊടുക്കും മട്ടിൽ.

തൊട്ടൊരു കൂരയിൽനിന്നൊരു കുട്ടി
മഴ കാണുന്നുണ്ട്
പൊട്ടിച്ചോരും പുരയിൽനിന്നും
ഞെട്ടിയെണീക്കും മട്ടിൽ

**ഇ. ജിനൻ**

*രണ്ടുകുട്ടികളുടെ മഴയനുഭവമാണ് മുകളിലെ വരികളിലുള്ളത്. മഴ വ്യത്യസ്തമായ അനുഭവങ്ങൾക്ക് കാരണമാകുന്നത് എങ്ങനെയെല്ലാമാണ്? ചർച്ച ചെയ്യൂ. കണ്ടെത്തലുകൾ എഴുതൂ.*

### *മഴക്കവിതകൾ ചൊല്ലാം*

*അടുത്തുള്ള വായനശാലയിൽനിന്ന് കൂടുതൽ മഴക്കവിതകൾ കണ്ടെത്തി നോട്ടുപുസ്തകത്തിൽ എഴുതൂ, ഒന്നിച്ചുചേർന്നു ചൊല്ലിരസിക്കുമല്ലോ.*

**ആദ്യമഴ മണ്ണിൽ വരുത്തുന്ന മാറ്റങ്ങൾ നിങ്ങൾ ശ്രദ്ധിച്ചിരിക്കും. കണ്ടെത്തലുകൾ കുറിക്കൂ.**

മണ്ണിനുള്ളിലേയ്ക്ക് നമ്മുടെ നോട്ടം അത്ര എത്താറില്ല. ഒരു ശാസ്ത്രജ്ഞൻ മണ്ണിനുള്ളിലേക്ക് നോക്കാൻ ശ്രമിച്ചതിന്റെ അനുഭവങ്ങൾ വിവരിക്കുന്ന ലേഖനം വായിക്കൂ.

## ഇതാ ഒരു മായാലോകം

ഒരിക്കൽ ഒരു ശാസ്ത്രജ്ഞന് ഒരു കിറുക്കു തോന്നി. ഇത്രയും ദിവസങ്ങൾ ഞാൻ മരത്തിലേക്കു നോക്കി നടന്നു. ഇനി മണ്ണിലേക്ക് ഒന്നു നോക്കിയാലോ? അദ്ദേഹം അങ്ങനെ ചിന്തിച്ചു. മണ്ണിലേക്കു നോക്കുകയും ചെയ്തു. എന്നിട്ടോ? മണ്ണിലൊരു മായാലോകം കണ്ടെത്തി! അതിരസകരമായ ആ കഥ കേട്ടോളൂ.

നൂറോളം വർഷങ്ങൾക്കു മുമ്പാണ് ആ സംഭവം നടന്നത്. ആരായിരുന്നു ആ മിടുക്കനായ കിറുക്കൻ? ഡോക്ടർ വില്യം ബീബ്. ന്യൂയോർക്ക് സുവോളജിക്കൽ സൊസൈറ്റിയിലെ ശാസ്ത്രജ്ഞൻ. ബ്രസീലിലെ ഒരു കാട്ടിൽവച്ചാണ് അദ്ദേഹത്തിന് അങ്ങനെയൊരു വിചിത്രമായ ആശയം തോന്നിയത്. കാട്ടിൽനിന്നും പക്ഷികളെ ശേഖരിക്കാൻ എത്തിയതായിരുന്നു അദ്ദേഹം. അതിനായി അദ്ദേഹം കുറെ ദിവസങ്ങൾ ബ്രസീലിലെ ബേലം (Belem) എന്ന പ്രദേശത്തെ കാട്ടിൽ കഴിഞ്ഞു. കൊടുംകാട്ടിലൂടെ, കാട്ടുമരങ്ങളുടെ ഇലകൾ വീണടിഞ്ഞുകിടക്കുന്ന മണ്ണിനു മുകളിലൂടെ അദ്ദേഹം അലഞ്ഞുനടന്നു. കാട്ടരുവിയിലൂടെയും സഞ്ചരിച്ചു.



അപ്പോഴൊക്കെ കണ്ണ് മരത്തിലായിരുന്നു. പക്ഷികളെ കണ്ടെത്തണമെങ്കിൽ മുകളിലേക്ക് നോക്കാതെ പറ്റുമോ? അങ്ങനെ പക്ഷികളെ കണ്ടെത്തിയും തിരിച്ചറിഞ്ഞും വേണ്ടവയെ പിടിച്ചും അദ്ദേഹം ആ കാട്ടിലൂടെ ഏറെ ദൂരം സഞ്ചരിച്ചു. അപ്പോഴൊന്നും നിലത്തേക്കൊന്നു നോക്കാൻ പോലും അദ്ദേഹത്തിന് നേരമില്ലായിരുന്നു. അങ്ങനെ തിരക്കിട്ട പണി തീരാറായി. ഇനി തിരിച്ച് ന്യൂയോർക്കിലേക്കു പോകണം. അരുവിയിലൂടെ താഴേയ്ക്ക് സഞ്ചരിക്കണം, കടലിലെത്തണം, കപ്പലിൽ കയറണം. പിന്നെ കുറെ ദിവസങ്ങൾ നീളുന്ന കപ്പൽയാത്ര. അപ്പോഴേ ന്യൂയോർക്കിലെത്തൂ.



കപ്പലിൽ കാടില്ല, മരങ്ങളില്ല, പക്ഷികളുമില്ല. അപ്പോൾ നേരം പോകാനെന്താണ് വഴി? അതിനുള്ള വഴിയായിരുന്നു കാട്ടുമണ്ണ് പരിശോധന. ഇത്രയും ദിവസങ്ങൾ ചവിട്ടിനടന്ന ഈ മണ്ണിലും രഹസ്യങ്ങൾ കണ്ടേക്കാം. അങ്ങനെയൊരു സംശയം എങ്ങനെയോ ആ ശാസ്ത്രജ്ഞന്റെ മനസ്സിൽ കയറിപ്പറ്റി. അക്കാലത്ത് ആ സംശയത്തെപ്പറ്റി മറ്റാരെങ്കിലും കേട്ടിരുന്നെങ്കിൽ അത് കിറുക്കാണെന്നു പറയുമായിരുന്നു. ഡോ. ബീബിനെ അവർ കളിയാക്കുകയും ചെയ്തേനേ. എന്നാൽ ഒരു കാര്യം അറിയണം. നല്ല ശാസ്ത്രജ്ഞന്മാർക്കേ ഇത്തരം സംശയങ്ങൾ തോന്നൂ. അത്തരം കിറുക്കന്മാരാണ് മറ്റാരും ചോദിക്കാത്ത ചോദ്യങ്ങൾ ചോദിക്കുന്നത്, മറ്റാരും കാണാത്തതു കണ്ടെത്തുന്നത്.

അങ്ങനെ ഒരു ആശയം മനസ്സിൽ തോന്നിയാൽ പിന്നെ മടിച്ചുനില്ക്കരുത്. ഉടൻ പ്രവർത്തിക്കണം. ഡോ. ബീബും അതുതന്നെ ചെയ്തു. അദ്ദേഹം ഒരു വലിയ ചാക്കെടുത്തു. അത് നിറയെ മണ്ണു വാരിയിട്ടു. കാട്ടുമണ്ണാണ് കുത്തിയിളക്കി വാരുന്നതെന്ന് ഓർക്കണം. കാട്ടിൽ മണ്ണിനു മുകളിൽ കരിയിലമെത്തയുണ്ടായിരിക്കും. കരിയിലകളുടെ അനേകം അടുക്കുകൾ. അടിഭാഗത്തെ കരിയിലകൾ കുറേ ചീഞ്ഞളിഞ്ഞിരിക്കും. അഴുകിയും പൊടിഞ്ഞും മണ്ണിനു മുകളിലൊരു പാളിയായി കിടപ്പുണ്ടാകും. അതിനു താഴെയാണ് കാട്ടിലെ മേൽമണ്ണ്.

അഴുകിപ്പൊടിഞ്ഞുകിടന്ന കരിയിലയും മേൽമണ്ണുമെല്ലാംകൂടിത്തന്നെയാണ് ചാക്കിൽ നിറച്ചത്. ആ മൺചാക്കുമായി അദ്ദേഹം മടക്കയാത്ര തുടങ്ങി. ആദ്യം ബോട്ടിലൂടെ കടലിലെത്തി. പിന്നെ കപ്പലിലേക്കു കയറി. മറക്കാതെ മൺചാക്കും കപ്പലിൽ കയറ്റി.

കപ്പലിൽവച്ച് അദ്ദേഹം മൺചാക്ക് തുറന്നു. കൂട്ടുകാരുമൊത്ത് മണ്ണു പരിശോധിച്ചു. അപ്പോൾ അദ്ദേഹം അദ്ഭുതപ്പെട്ടുപോയി! ഇത്ര കുറച്ചു മണ്ണിൽ ഇത്രയേറെ ജീവികളോ! ആ കാട്ടുമണ്ണ് നിറയെ ജീവികളായിരുന്നു. ഉറുമ്പുകൾ, ചിതലുകൾ, വണ്ടുകൾ, തേളുകൾ, പുഴുക്കൾ, മണ്ണിരകൾ, ഒച്ചുകൾ... വെറും കണ്ണുകൾകൊണ്ടു കാണാവുന്ന ജന്തുക്കൾതന്നെ എത്രയധികം!
"ഈ മണ്ണിന് ജീവനുണ്ട്! " അദ്ദേഹം അറിയാതെ പറഞ്ഞുപോയി.

അദ്ദേഹത്തിന്റെ കൈവശം വലിയ ലെൻസുണ്ടായിരുന്നു. വസ്തുക്കളെ വലുതായി കാണിക്കുന്ന തരം ലെൻസ്. അതുപയോഗിച്ച് അദ്ദേഹവും കൂട്ടുകാരും മണ്ണിനെ കൂടുതൽ ശ്രദ്ധയോടെ പരിശോധിച്ചു. അപ്പോൾ വെറുംകണ്ണുകൊണ്ട് കാണാൻ പറ്റാത്ത ചെറിയ ജീവികളെയും അവർ കണ്ടു. നൂറുകണക്കിന് കൊച്ചുകൊച്ചു ജീവികൾ! ഓരോന്നും അതിന്റെ മൺതരിയെ കെട്ടിപ്പിടിച്ചു കിടക്കുന്നു, ഇളകുന്നു, മൺതരികൾക്കിടയിലൂടെ പുളഞ്ഞുനീങ്ങുന്നു. ഡോ.ബീബും കൂട്ടുകാരും കൂടി അതീവശ്രദ്ധയോടെ അനേകദിവസങ്ങൾ ആ മണ്ണിനെ പരിശോധിച്ചുകൊണ്ടിരുന്നു. ഓരോ ദിവസവും അവർ പുതിയ പുതിയ ജീവികളെ കണ്ടെത്തിക്കൊണ്ടിരുന്നു. ഓരോ നിമിഷവും അവർ അദ്ഭുതപ്പെട്ടുകൊണ്ടിരുന്നു.



"വിശാലമായ ലോകത്തിൽനിന്ന് കണ്ണുകളെ മണ്ണിനുള്ളിലേക്ക് ചുരുക്കിയപ്പോൾ ഞങ്ങൾ ഒരു മായാലോകംതന്നെ കണ്ടു. മണ്ണിനടിയിലെ ലോകം. ഇരുട്ടിന്റെ ലോകം. ഇരുട്ടിൽ ഇരതേടുന്നവരുടെ ലോകം, ഇരുട്ടിൽ കൃഷി നടത്തുന്നവരുടെയും ലോകം. അവിടെ ഇലകൾ വിശാലമായ പാടങ്ങളായി

മാറിയിരിക്കുന്നു. കുമിളുകൾ (ഫംഗസുകൾ) കാടുകളായി വളർന്നിരിക്കുന്നു. മൺതരികൾക്കിടയിലൂടെ സൂപ്പർഹൈവേകൾ ഉണ്ടായിരിക്കുന്നു. അവിടെ ആരെയും അമ്പരപ്പിക്കുന്ന മിമിക്രിവീരന്മാർ അവരുടെ കലാപരിപാടികൾ അവതരിപ്പിച്ചുകൊണ്ടിരിക്കുന്നു. വളരെ ചെറിയ വണ്ടുകൾ വളഞ്ഞു ചുരുണ്ട് ചെറിയ വിത്തുകളുടെ രൂപത്തിലിരുന്ന് ശത്രുക്കളെ പറ്റിക്കുന്നു. വിത്തുകളുടെ പുറത്തെ ഡിസൈനുകൾവരെ വണ്ടുകളുടെ പുറത്തുണ്ടാക്കിയിരിക്കുന്നു. ചെറിയ വിത്തുകളോ, വണ്ടുകളുടെ രൂപത്തിലിരുന്നും മിമിക്രി കാണിക്കുന്നു."

തിന്നും തിന്നപ്പെട്ടും മത്സരിച്ചും സഹകരിച്ചും ജീവിക്കുന്ന നൂറുകണക്കിന് ജീവികളുടെ ആ അദ്ഭുതലോകം കണ്ടുകൊണ്ടിരുന്നപ്പോൾ ഡോക്ടർ ബീബ് പുറംലോകത്തെപ്പറ്റി മറന്നുപോയി. താനും ചുരുങ്ങിച്ചുരുങ്ങി, ചെറുതായിച്ചെറുതായി, മണ്ണിനുള്ളിലെ മായാലോകത്തിലകപ്പെട്ടതുപോലെ അദ്ദേഹത്തിന് തോന്നി. പണ്ടൊരു ആലീസ് അദ്ഭുതലോകത്തിലെത്തിയ കഥ കേട്ടിട്ടില്ലേ? താനും ഒരു ആലീസായതുപോലെ. മണ്ണിനടിയിലെ മായാലോകത്തിലെത്തിയ മറ്റൊരു ആലീസ്!

**മണ്ണും മനുഷ്യനും** **പ്രൊഫ.എസ്.ശിവദാസ്**

### കാണാക്കാഴ്ചകൾ

ലേഖനം വായിച്ച് ഓരോരുത്തരും ചോദ്യങ്ങൾ തയ്യാറാക്കുക.

ഉദാ:- വില്ല്യം ബീബിന് തോന്നിയ വിചിത്രമായ ആശയം എന്തായിരുന്നു?

എന്തുകൊണ്ടാണ് അതിനെ 'വിചിത്രമായ ആശയം' എന്ന് പറയുന്നത്?

ഗ്രൂപ്പിൽ ചോദ്യങ്ങൾ കൈമാറി വായിക്കുക. ഓരോ ഗ്രൂപ്പും മികച്ച പത്തു ചോദ്യങ്ങൾ തെരഞ്ഞെടുക്കണം.

ആവർത്തനങ്ങളൊഴിവാക്കി ചോദ്യങ്ങൾ ക്രമപ്പെടുത്തി എഴുതണം.

ഉത്തരങ്ങളും എഴുതിവയ്ക്കണം.

തുടർന്ന് രണ്ടു ഗ്രൂപ്പുകളായിത്തിരിഞ്ഞ് ചോദ്യോത്തരപ്പയറ്റ് നടത്തൂ.

### ആലീസിന്റെ അദ്ഭുതലോകം

"പണ്ടൊരു ആലീസ് അദ്ഭുതലോകത്തിലെത്തിയ കഥ കേട്ടിട്ടില്ലേ? താനും ഒരു ആലീസായതുപോലെ. മണ്ണിനടിയിലെ മായാലോകത്തിലെത്തിയ മറ്റൊരു ആലീസ്!"

ലൂയിസ് കരോൾ എഴുതിയ 'ആലീസിന്റെ അദ്ഭുതലോകം' എന്ന നോവൽ സ്കൂൾ ലൈബ്രറിയിൽനിന്നോ അടുത്ത വായനശാലയിൽനിന്നോ എടുത്ത് വായിക്കൂ. ആ പുസ്തകത്തെ പരിചയപ്പെടുത്തുന്ന ഒരു കുറിപ്പ് തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കൂ.

### ജീവിക്കാം, പ്രകൃതിയെ നോവിക്കാതെ

ഈ ചിത്രം നോക്കൂ.
ഇതിലെന്തെല്ലാം ഉണ്ട്?
ഇത്തരം കാഴ്ചകൾ
ഭൂമിക്കും ജീവജാലങ്ങൾക്കും
ഗുണകരമാണോ?
ആരെല്ലാമാണ് ഭൂമിയുടെ
അവകാശികൾ? ചർച്ചചെയ്ത്
കുറിപ്പ് തയ്യാറാക്കാം.



### വായിക്കാം കണ്ടെത്താം

ചുവടെ കൊടുത്ത പദജോടികൾ ശ്രദ്ധിക്കൂ. അവയിൽ എന്തു വ്യത്യാസമാണ് നിങ്ങൾക്ക് പറയാനുള്ളത്?

കണ്ടു - കണ്ട
തുറന്നു - തുറന്ന
ചിന്തിച്ചു - ചിന്തിച്ച

ഇതുപോലുള്ള കൂടുതൽ പദജോടികൾ പാഠഭാഗത്തു നിന്നും മറ്റും കണ്ടെത്തി എഴുതുക.

### മണ്ണറിവ് പൊന്നറിവ്

ചില പഴഞ്ചൊല്ലുകൾ വായിക്കാം

- മണ്ണറിഞ്ഞ് കൃഷി ചെയ്യണം
- മണ്ണ് പൊന്നാക്കണം
- ചേറ് ചോറാക്കണം
- ചോറ് ചേറാക്കരുത്

മണ്ണിന്റെ പ്രാധാന്യത്തെക്കുറിച്ച് ഈ പഴഞ്ചൊല്ലുകൾ നമ്മോട് പറയുന്നതെന്തെല്ലാം? പാഠഭാഗത്തു നിന്നും മണ്ണിനെക്കുറിച്ച് മനസ്സിലാക്കിയ കാര്യങ്ങൾ കൂടി ഉൾപ്പെടുത്തി ഒരു പ്രസംഗം തയ്യാറാക്കൂ. ലോകമണ്ണുദിന (ഡിസംബർ 5) ത്തോടനുബന്ധിച്ച് അവതരിപ്പിക്കുകയും ചെയ്യുമല്ലോ?

### കണ്ടറിഞ്ഞ് കേട്ടറിഞ്ഞ്

ഒരിക്കൽ ഒരു ശാസ്ത്രജ്ഞന് ഒരു കിറുക്ക് തോന്നി. ആ കിറുക്ക് മണ്ണിനെക്കുറിച്ചും മണ്ണിനടിയിലെ ജീവജാലങ്ങളെക്കുറിച്ചുമുള്ള അന്വേഷണത്തിന് വഴിതെളിച്ചു.



നിങ്ങളുടെ ചുറ്റുപാടുമുള്ള മരങ്ങൾ, ചെടികൾ, പൂക്കൾ, കുളങ്ങൾ, വയൽ, പുഴ തുടങ്ങിയവയെക്കുറിച്ച് എന്തെല്ലാമറിയാം? ഏതെങ്കിലും ഒന്നിനെക്കുറിച്ചന്വേഷിച്ച് കുറിപ്പ് തയ്യാറാക്കൂ. അവതരിപ്പിക്കൂ.

*പുഴ നമ്മോട് എന്തോ പറയുന്നുണ്ട്. കേട്ടാലോ?*

# ഡാലിയമ്മൂമ്മയുടെ പുഴ

"നീ മരിയാദിക്ക് പൊയ്ക്കോ." പുഴ പറഞ്ഞു.
"ഇല്ലെടീ, ഞാൻ ഇവ്ട കെടന്ന് ചത്തോളാം."
പുഴയ്ക്ക് കലിവന്നു. അത് ഡാലിയുടെ തുരുത്തിനെ വലംവച്ച് ദേഷ്യത്തോടെ ഒന്നുയർന്ന് ചാടിയശേഷം ഒഴുകിപ്പോയി.



"ഇന്നാ, ഇതു വച്ചോ..." പോകുംവഴി മരണാസന്നനായ ഒരു പെരുമ്പാമ്പിൻ കുഞ്ഞിനെ ഡാലിയമ്മൂമ്മയുടെ കുടിലിലേക്ക് തള്ളിയിട്ടുകൊടുത്തു പുഴ. "അയ്യോ പാവം." അമ്മൂമ്മ അവനെയെടുത്ത് വേഗം അടുപ്പിനരികത്തു കൊണ്ടുപോയി കിടത്തി. തണുത്തു വിറയ്ക്കുന്നൊണ്ട്.

"നെനക്ക് തന്തേം തള്ളേം ഒന്നുമില്ലേ? നോക്കാതേം പാക്കാതേം എറങ്ങി നടന്നോളും." അവൻ ദയനീയമായി ഡാലിയമ്മൂമ്മയെ നോക്കി. ചുരുണ്ടുകിടന്ന അവന്റെ പൂവുപോലത്തെ ഉടലിൽ അമ്മൂമ്മ തന്റെ ചുളുങ്ങിയ വിരലുകൾകൊണ്ട് തലോടി.

"ഊടന്ന് പോയാപ്പിന്നെ, വല്ല വങ്കിലും കേറിയിരുന്ന്, എലീനേങ്ങാനും പിടിച്ച് തിന്നുംകൊണ്ട് അടങ്ങി കെടന്നോളണം, കേട്ടാ.."

കിള്ളിയാർ കാവൽകിടന്ന കുടിലിനുള്ളിൽ അമ്മൂമ്മയും പെരുമ്പാമ്പും മറ്റാർക്കും മനസ്സിലാവാത്ത ഭാഷയിൽ പരസ്പരം സംസാരിച്ചുകൊണ്ടിരുന്നു.

തടവിത്തടവി കൈ തളർന്നപ്പോൾ ഡാലിയമ്മൂമ്മ പറഞ്ഞു. “എനിക്കൊറക്കം വരണ്. നീ എവിടേലും പോ...” ഡാലിയമ്മൂമ്മയുടെ ചൂട് വിട്ടുപോകാൻ കുഞ്ഞുപാമ്പിന് മനസ്സു വന്നില്ല. ചുറ്റിപ്പിണഞ്ഞ് അമ്മൂമ്മയുടെ ചൂടുപറ്റി അവനും ഉറങ്ങി.

“പാവം തള്ളയില്ലാപ്പിള്ള.”



ഡാലി കുഞ്ഞായിരുന്നപ്പോൾ പുഴ നൂറു മീറ്ററെങ്കിലും അകലെയായിരുന്നു. പിച്ചവച്ചു നടന്നുതുടങ്ങിയപ്പോൾ തുടങ്ങിയതാണ് പുഴയുമായുള്ള ചങ്ങാത്തം. പൊന്മുടിക്കാടുകളിലെവിടെയോ നിന്ന് കൂലംകുത്തിയിറങ്ങി വേഗത്തിൽ അറബിക്കടലിലേക്കുള്ള പോക്കാണ് പുഴയുടെ ജോലി. സംസാരിച്ച് തുടങ്ങി യതുമുതൽ ഡാലി പുഴയോട് വർത്തമാനം പറഞ്ഞു. ക്രമേണ പുഴ ഡാലിയോടും സംസാരിച്ചു. അവർക്കിടയിൽ പുതിയ ഭാഷയുണ്ടായി. പുലർച്ചെ മുതൽ തുടങ്ങും പുഴയും ഡാലിയും തമ്മിലുള്ള കാര്യംപറച്ചിൽ.

മണലൂറ്റുകാരാണ് പുഴയെ ഡാലിയുടെ മുറ്റംവരെയെത്തിച്ചത്.

പുഴ നടന്നു മുറ്റത്തേക്കു വന്നപ്പോൾ മനുഷ്യർ വീടുകൾ ഉപേക്ഷിച്ച് പോകാൻ നിർബന്ധിതരായി. പോകാൻ കൂട്ടാക്കാത്തവരെ കള്ളന്മാർ ഭീഷണിപ്പെടുത്തിയും ഭൂമിക്ക് വൻവില നല്കിയും നാടുകടത്തി.

ഒടുവിൽ ഡാലിയമ്മൂമ്മ മാത്രമായി. ഡാലിയുടെ കുടിലിനെ പുഴ വളഞ്ഞു. ക്രമേണ നിരാലംബരായ രണ്ട് വൃദ്ധവിധവകളെപ്പോലെ പുഴയും ഡാലിയും സങ്കടങ്ങൾമാത്രം പങ്കുവച്ചു. എല്ലാവരും അമ്മൂമ്മയെ ഉപദേശിച്ചു.

"കെളവീ, വയസ്സാംകാലത്ത് ഇവിടെക്കെടന്ന് തണുത്ത് വെറച്ചു ചാവാതെ നെടുവങ്ങാട്ടെ മോളവീട്ടിപ്പോയി താമസിക്കിൻ."

അവന്മാരോട് ഡാലി മറുപടിയൊന്നും പറഞ്ഞില്ല. രണ്ടു ദിവസത്തിനുള്ളിൽ മഴപെയ്യും. പുഴ എങ്ങനെ പെരുമാറുമെന്നറിഞ്ഞുകൂടാ.

പിറ്റേന്ന് വള്ളത്തിൽ ഒരു സംഘം ആളുകൾ അവിടേക്ക് വന്നു. കാണാൻ മെനയൊള്ള ഒരു ചെറുപ്പക്കാരൻ അമ്മൂമ്മയുടെ മുറ്റത്തു കിടന്ന ചൂരൽ ക്കസേരയിൽ കയറിയിരുന്നു.

"ഞാനാണ് ഇവിടത്തെ ജില്ലാകളക്ടർ."

"തേയിലവെള്ളം ഇടട്ടേ, മോനേ?" അതുകേട്ട് എല്ലാവരും ചിരിച്ചു.

"ഡാലിയമ്മൂമ്മ രാഷ്ട്രപതിക്ക് ഒരു ഹർജി അയച്ചിരുന്നില്ലേ?"

"ഓ, അത് പുഴയും ഞാനുംകൂട തംതാരിച്ച് തീരുമാനിച്ചയച്ചേണ്. പൊഴ പറഞ്ഞ്, തൂക്കിക്കൊല്ലാൻ പോണവരൊക്കെ അങ്ങേരിക്ക് ഹർജി കൊടുത്താ ചെലപ്പം ശിക്ഷ എളവു ചെയ്യാനക്കൊണ്ട് ചട്ടമൊണ്ടെന്ന്. പൊഴക്ക് എന്നെ ക്കാട്ടിലും അറിവാണ്. അതിങ്ങന പല നാടുകള് ചുറ്റണയല്ലേ.. അങ്ങനേണ് ഞാൻ പത്രക്കാര് പുള്ളാരെക്കൊണ്ട് ഹർജി അയപ്പിച്ചത്."

"അമ്മൂമ്മാ, ഞാൻ രാഷ്ട്രപതിക്കും ഗവർണർക്കും മുഖ്യമന്ത്രിക്കും ഗവണ്മെന്റിനും വേണ്ടിയാണ് ഇവിടെ നില്ക്കുന്നത്."

"എന്നിട്ടും നിന്നെ കണ്ടിട്ട് ഒരു ചൊടിയില്ലല്ലോടാ.. ഈ പുഴയില് നല്ല ഒടവല മീൻ കിട്ടും. പിടിച്ച് ചമ്പാവരിയിലിട്ട് കഞ്ഞിവച്ച് കുടിക്കണം. തടി പാലം പോലെ വരും."

"ആരുമില്ലാത്ത തുരുത്തിൽ ഇനിയും ഒറ്റയ്ക്കു താമസിക്കുന്നത് അപകടമാണ്. ഏറ്റവും വലിയ മഴക്കാലമാണ് വരാൻപോകുന്നത്."

വളരെ നിസ്സാരമായ ഒരു നോട്ടം മാത്രമായിരുന്നു അമ്മൂമ്മയുടെ മറുപടി. മുറ്റത്തെ കല്ലടുപ്പിൽ ചൂടാക്കിയ തേയിലവെള്ളം പിഞ്ഞാണക്കോപ്പയിൽ ഒഴിച്ച് അമ്മൂമ്മ കളക്ടർക്ക് കൊടുത്തു.

അയാൾ കുടിച്ചു.

"അതുകൊണ്ട് ഞാൻ പറയുന്നു, ഡാലിയമ്മൂമ്മ ഇവിടന്ന് താമസം മാറ്റണം."

"ചായ കൊള്ളാമോടാ കൊച്ചേ...?"

"നഗരത്തിൽ. അവിടെ എല്ലാ സൗകര്യവുമുള്ള ഒരു ഫ്ളാറ്റിൽ ഗവൺമെന്റിന്റെ പൂർണ്ണസംരക്ഷണയിൽ അമ്മൂമ്മയ്ക്ക് കഴിയാം."

"ഈ പൊഴയേംകൂടെ അതിന്റകത്ത് താമസിപ്പിക്കുമോ?" അമ്മൂമ്മ എടുത്തടിച്ചതു പോലെ ചോദിച്ചു.

കളക്ടർ ഒരുനിമിഷം ചിന്തിച്ചു.

"ഡാലിയമ്മൂമ്മ താമസിക്കുന്ന ഫ്ളാറ്റിന് 'കിള്ളി' എന്നു പേരിടാം. ഈ പുഴയിലെ വെള്ളംകൊണ്ട് ബാത്ടബ്ബും ഉണ്ടാക്കിത്തരാം. വരണം."

"വരൂല. വയസ്സായ നിന്റെ ഒടപ്പെറന്നോളെ ചാവാൻ വിട്ടിട്ട് നീയാണെങ്കി പോകുമോ?"

"അങ്ങനെയാണെങ്കിൽ എനിക്ക് ബലംപ്രയോഗിച്ച് കൊണ്ടുപോകേണ്ടിവരും."

കളക്ടർ എഴുന്നേറ്റു.

എതിർക്കാനുള്ള ശരീരബലമൊന്നും ഡാലിയമ്മൂമ്മയ്ക്കില്ലായിരുന്നു. അവരെ വനിതാപോലീസുകാർ നിർബ്ബന്ധപൂർവം പിടിച്ച് വള്ളത്തിൽ കയറ്റിക്കൊണ്ടു പോയി. ആറിനു നടുക്കെത്തിയപ്പോൾ, അവസാനതുണയും നഷ്ടപ്പെട്ട പുഴ അപാരമായി ഒന്നു നിലവിളിച്ചു.

ഡാലിയമ്മൂമ്മയുടെ ചങ്ക് കിടുങ്ങിപ്പോയി.

പതിമൂന്നാം നിലയിലെ 'കിള്ളി' എന്നു പേരിട്ട അപ്പാർട്ടുമെന്റിന്റെ ജനലിലൂടെ കാണുന്ന കടലിളക്കം നോക്കി അമ്മൂമ്മ ദിവസങ്ങൾ തള്ളിനീക്കി.

മഴ തുടങ്ങി.

വിഷാദിയായി ഒഴുകിയിരുന്ന പുഴയ്ക്ക് കലിയിളകി.

ഒരു വെളുപ്പാൻകാലത്ത് അത് ഡാലിയെ തേടിയിറങ്ങി. നഗരത്തിലെ മുടുക്കുകളിലും ഊടുവഴികളിലും നടന്ന് പുഴ ഉറക്കെവിളിച്ചു. "ഡാലീ.. ഡാലീ.." തകർത്താടിയ മഴയിൽ ഭ്രാന്തുപിടിച്ച പുഴ നഗരത്തെ സമനീതി പഠിപ്പിച്ചു കൊണ്ട് ഒരേ നിരപ്പിലൊഴുകി. അസംഖ്യം ജലജീവികൾ നഗരഗൃഹങ്ങളെ ആവാസകേന്ദ്രമാക്കി മാറ്റി. പുഴ പിന്നെയും അന്വേഷണം തുടർന്നു.

ഒടുവിൽ, ഡാലിയമ്മൂമ്മയുടെ തൊണ്ണൂറു കടന്ന കണ്ണുകൾ, ഫ്ളാറ്റിന്റെ പുറത്തുവന്ന് മുട്ടിവിളിച്ച കിള്ളിയാറിനെ തിരിച്ചറിഞ്ഞു. സന്തോഷത്തിന്റെ നിലവിളിയോടെ ഡാലി പുറത്തേക്കെടുത്ത് ഒറ്റച്ചാട്ടം ചാടി. പുഴയെ കെട്ടിപ്പിടിച്ചു. ഇരുവരും പൊട്ടിച്ചിരിച്ചു.



"നിനക്കെന്താടീ, താഴത്തെ നെലയിൽ താമസിച്ചുകൂടാരുന്നോ? എന്തു പാടുപെട്ടിട്ടാണ് നിന്നെ കണ്ടുപിടിച്ചത്..." പുഴ ചോദിച്ചു.

"പോടീ..." ഡാലിയമ്മൂമ്മ പുഴയ്ക്കൊരു നുള്ളുവച്ചുകൊടുത്തു.

പൊട്ടിച്ചിരിച്ചുകൊണ്ട് ഇരുവരും കടലിലേക്ക് നീന്തി.

**നരോദപാട്യയിൽനിന്നുള്ള ബസ്സ്** **വി. ഷിനിലാൽ**

### കഥയറിഞ്ഞ്

കഥ മൗനമായി വായിക്കൂ.

തുടർന്ന് ഭാവം ഉൾക്കൊണ്ട് ഉറക്കെ വായിച്ചവതരിപ്പിക്കുമല്ലോ.

### കഥാപാത്രങ്ങൾ, സംഭവങ്ങൾ

കഥയിലെ കഥാപാത്രങ്ങൾ ആരെല്ലാം? അവരുടെ പ്രത്യേകതകൾ ഗ്രൂപ്പിൽ ചർച്ച ചെയ്യൂ. കഥാപാത്രങ്ങളെ പട്ടികപ്പെടുത്താം. നോട്ടുബുക്കിൽ ക്രമമായി എഴുതൂ.

ഇനി നമുക്ക് കഥയിലെ വ്യത്യസ്ത സന്ദർഭങ്ങൾ കണ്ടെത്താം. ഈ സന്ദർഭങ്ങൾക്ക് കഥയിലുള്ള പ്രാധാന്യം ചർച്ചചെയ്യൂ.

1. പെരുമ്പാമ്പിൻ കുഞ്ഞിനോടുള്ള ദയവ്
2. കലക്ടറുടെ വരവ്
3. ...................................

### വാക്കെടുക്കാം വരിയൊരുക്കാം

താഴെ രണ്ട് കോളങ്ങളിലായി കൊടുത്ത പദങ്ങൾ പരിചയപ്പെടൂ.

| | |
|---|---|
| • പുഴ | • കറുത്ത |
| • നടന്നു | • വലിയ |
| • പാമ്പ് | • പെട്ടെന്ന് |
| • ചാടി | • മെല്ലെ |
| • കുടിച്ചു | • നിറഞ്ഞ |
| • അമ്മൂമ്മ | • ചെറിയ |
| • മീൻ | • ഭംഗിയുള്ള |
| • ഇരുന്നു | • വേഗത്തിൽ |

രണ്ടു കോളങ്ങളിൽ നിന്നും ഓരോ പദം ഉപയോഗിച്ച് ചെറുവാക്യങ്ങൾ നിർമ്മിക്കുക.

ഉദാ: ഞാൻ വേഗത്തിൽ നടന്നു.

### ഭാവത്തിനൊത്തു പറയാം

കഥയിലെ വിവിധ സന്ദർഭങ്ങളിൽ കഥാപാത്രങ്ങൾ തമ്മിൽ നടന്ന സംഭാഷണങ്ങൾ ഭാവമുൾക്കൊണ്ട് സംഘമായി ക്ലാസിൽ അവതരിപ്പിക്കുക.

### ഹൃദയപൂർവ്വം പറഞ്ഞത്

ഡാലിയമ്മൂമ്മയെയും കിള്ളിയാറിനെയും ഇഷ്ടമായില്ലേ?

അവർ ഒടുവിൽ കണ്ടുമുട്ടിയപ്പോൾ പറഞ്ഞകാര്യങ്ങൾ കേട്ടല്ലോ? ഇനിയും അവർ തമ്മിൽ എന്തെല്ലാം സംസാരിച്ചിട്ടുണ്ടാവും? ആ സംഭാഷണം എഴുതിനോക്കൂ.

### മൊഴിയഴക്

<u>നോക്കാതേം പാക്കാതേം</u> എറങ്ങി നടന്നോളും.

അടിവരയിട്ട പ്രയോഗം ശ്രദ്ധിക്കൂ.

ഇതുപോലുള്ള പ്രയോഗങ്ങളും പ്രാദേശികപദങ്ങളും കഥയിൽനിന്ന് കണ്ടെത്തി എഴുതൂ.

### ഭൂമിക്കായി

'ഭൂമി എല്ലാവരുടേതുമാണ്' എന്ന സന്ദേശമുയർത്തി നടത്തുന്ന പരിസ്ഥിതി ബോധവൽക്കരണജാഥയിൽ ഉപയോഗിക്കുന്നതിനുള്ള സന്ദേശവാക്യങ്ങൾ, മുദ്രാഗീതങ്ങൾ എന്നിവ തയ്യാറാക്കൂ.

## പദപരിചയം

| | | |
|---|---|---|
| അടുക്ക് | - | ക്രമം |
| അപാരമായി | - | അതിരില്ലാതെ (വളരെയധികം) |
| അപ്പാർട്ട്മെന്റ് | - | ഒന്നിലധികം കുടുംബങ്ങൾ താമസിക്കുന്ന പല നിലകളുള്ള കെട്ടിടം |

| | | |
|---|---|---|
| ആവാസകേന്ദ്രം | - | വാസസ്ഥലം |
| ഉന്മാദം | - | മനസ്സിന്റെ സ്ഥിരത നഷ്ടപ്പെടുന്ന അവസ്ഥ |
| ഊടുവഴി | - | വീതികുറഞ്ഞ വഴി, ഇടവഴി |
| ഊറ്റുകാർ | - | ഊറ്റിയെടുക്കുന്നവർ |
| എമ്പാടും | - | എല്ലായിടത്തും |
| ഒടപ്പെറന്നോൾ | - | പെങ്ങൾ, സഹോദരി |
| ഒടവല മീൻ | - | ഒരിനം പുഴമീൻ (ഒടതല) |
| കലിയിളകുക | - | കോപം കൊണ്ട് സമനില തെറ്റുക |
| കിള്ളി | - | കിള്ളിയാറ് (കരമനയാറിന്റെ കൈവഴി) |
| കൂലം | - | കര (തീരം) |
| കൂലം കുത്തുക | - | കര തകർക്കുക |
| കെളവി | - | വൃദ്ധ |
| ചമ്പാവരി | - | മട്ട അരി (തവിട്ടുനിറം ഉള്ള അരി) |
| ചെലപ്പം | - | ചിലപ്പോൾ |
| ചേണ് | - | അഴക് |
| തുണ | - | സഹായം, കൂട്ട് |
| തുരുത്ത് | - | പുഴയുടെ നടുവിലുള്ള ചെറിയ കരപ്രദേശം |
| തുവരുക | - | ഉണങ്ങുക (തോരുക) |
| തംതാരിച്ച് | - | സംസാരിച്ച് |
| ദയനീയം | - | സങ്കടം തോന്നിക്കുന്നത് |
| നിരാലംബ | - | ആശ്രയമില്ലാത്തവൾ |
| നെല | - | നില എന്ന വാക്കിന്റെ പ്രാദേശികരൂപം (വാമൊഴി) |
| നെടുവങ്ങാട്ട് | - | നെടുമങ്ങാട്ട് |
| പാളി | - | പരാജയപ്പെട്ടു |
| പിഞ്ഞാണക്കോപ്പ | - | പിഞ്ഞാണപ്പാത്രം |
| പുള്ളാര് | - | കുട്ടികൾ (ചെറുപ്പക്കാർ) |
| പൊരുന്നിരിക്കുക | - | മുട്ടവിരിയാൻ അടയിരിക്കുക |
| പൊഴിയുന്നു | - | തെരുതെരെ വീഴുന്നു (പെയ്യുന്നു) |
| മട്ടുപ്പാവ് | - | വീടിന്റെ മുകൾനിലയിലെ തുറന്ന സ്ഥലം |
| മരിയാദിക്ക് | - | മര്യാദയ്ക്ക് |
| മായാലോകം | - | അദ്ഭുതകരമായ ലോകം |
| മുടുക്ക് | - | ഇടവഴി |
| മെനയൊള്ള | - | കൊള്ളാവുന്ന |
| മൊഴി | - | വാക്ക് |
| വങ്ക് | - | പൊത്ത് |
| വാരിദം | - | മേഘം |
| വിചിത്രം | - | അസാധാരണം |
| വിണ്ണ് | - | ആകാശം |
| വിഷാദം | - | സങ്കടം |

5

# കടലോളം സ്നേഹം

## തുടർക്കഥ

പൂവ് ആദ്യമായി കൺതുറന്നു. അമ്മച്ചെടിയെ നോക്കിച്ചിരിച്ചു. വൈകാതെ അവൾക്കൊരു കൂട്ടുകാരിയെ കിട്ടി. ഒരു കൊച്ചുകുട്ടി.

കുട്ടി ചോദിച്ചു: "പൂവിന് ചിരിക്കാനറിയാമോ?"

"ഞങ്ങളെപ്പോഴും ചിരിക്കുകയാണല്ലോ." പൂവ് കുട്ടിയോട് ഒരുപാട് കഥകൾ പറഞ്ഞു.

മൊട്ടായിരുന്നപ്പോൾ തോന്നിയ വിടരാനുള്ള മോഹത്തെക്കുറിച്ച്, ആരും കേൾക്കാതെ അമ്മ പാടുന്ന താരാട്ടിനെക്കുറിച്ച്, ഒരുപാട് കാര്യങ്ങൾ പറയുന്ന കാറ്റിനെക്കുറിച്ച്...



സന്ധ്യയായി. പൂവ് ധാരാളം കഥകൾ പറഞ്ഞിരുന്നെങ്കിലും പറയാത്തവ പറഞ്ഞതിലും ഏറെയായിരുന്നു. കുട്ടി വീട്ടിലേക്ക് തിരിച്ചുപോയി. ഉറങ്ങി.

രാവിലെ പൂവിനെ തിരഞ്ഞെത്തിയ കുട്ടി നിലത്ത് ഒരു പൂവ് കൊഴിഞ്ഞു കിടക്കുന്നത് കണ്ടു. അതവളുടെ കൂട്ടുകാരിപ്പൂവായിരുന്നു. കുട്ടിക്ക് കരച്ചിൽ വന്നു.

"ഇനിയും കഥകൾ ബാക്കിയുണ്ടെന്ന് പറഞ്ഞിട്ട് അതിനുമുമ്പേ കൊഴിഞ്ഞതെന്തേ?" അമ്മച്ചെടി സമാധാനിപ്പിച്ചു: "കരയല്ലേ, കഥകൾ പറഞ്ഞുതരാൻ അവൾ ചിലരെയൊക്കെ ഏൽപ്പിച്ചിട്ടുണ്ട്."

ഇളങ്കാറ്റിൽ മൊട്ടുകൾ തലയാട്ടി സമ്മതിച്ചു. "അതെ, ഞങ്ങളോട് പറഞ്ഞിട്ടുണ്ട്."

കുട്ടിയുടെ സങ്കടം തീർക്കാൻ അമ്മച്ചെടി പറഞ്ഞതെന്താണ്?
മൊട്ടുകൾ കുട്ടിയോട് പിന്നീട് പറഞ്ഞ കഥകൾ എന്തൊക്കെയാവാം?

ഇനി, മറ്റൊരമ്മയെ പരിചയപ്പെടാം.

# എന്റെ അമ്മ



പാവപ്പെട്ട ഒരു കർഷകകുടുംബത്തിലാണ് എന്റെ ജനനം. വളരെ നേരത്തേതന്നെ പിതാവ് യാത്രപറഞ്ഞു. ഞാനും എന്റെ അനുജനും ദുഃഖിതയായ മാതാവും. വാത്സല്യം എന്തെന്ന് ഞാൻ അറിഞ്ഞിട്ടില്ല. മാതാവിൽനിന്നുപോലും ലാളനയുടെ സ്നിഗ്ധഭാവങ്ങൾ ഞങ്ങൾക്ക് ലഭിച്ചിട്ടില്ല. കുട്ടികളായ ഞങ്ങളെ വളർത്തുവാൻ അവർ കഷ്ടപ്പെട്ട് അധ്വാനിക്കേണ്ടിവന്നു. അതുകൊണ്ട് പരുപരുപ്പുകളിൽക്കൂടി ഞങ്ങൾ വളർന്നു. മാതാവിൽ നിറഞ്ഞുനിന്ന നിസ്സഹായതാബോധം ചെറുപ്പത്തിലേ എന്നിലും പ്രതിഫലിച്ചു. തനിച്ചു റോഡിലിറങ്ങിയാൽ മോട്ടോർ മുട്ടുമെന്നോ കുളിക്കാൻ പോയാൽ വെള്ളത്തിൽക്കൂടി ഒഴുകിപ്പോകുമെന്നോ പേടിക്കുന്ന സ്നേഹത്തിന്റെ കരുതൽ നടപടികൾ എനിക്കായി പ്രവർത്തിച്ചിട്ടില്ല. ശേഷിയുള്ളത് ശേഷിക്കും എന്ന മട്ടിൽ ഞാൻ വളർന്നുകയറി. പരമാർഥം പറഞ്ഞാൽ പണക്കാരുടെയും പരിഹാസനിപുണരുടെയും കണ്ണുകൾക്ക് ഒരു ദുശ്ശകുനമായിട്ടാണ് എനിക്ക് വളരാൻ സാധിച്ചത്.

ഒരു ദിവസം, ഞാൻ ശരിക്ക് ഇപ്പോഴും ഓർക്കുന്നു, അമ്മയോട് 'പഴംകഞ്ഞി' വാങ്ങിക്കുടിച്ചശേഷം കൂട്ടുകാരെത്തേടി ഇറങ്ങി. എന്റെ ഒരു അയൽക്കാരൻ എന്നോടൊപ്പംപ്രായമുള്ള അയാളുടെ മകനുമായി സ്കൂളിലേക്കു പോകുന്നു. എന്നെ കൂടി കൊണ്ടുപോകാമോ എന്നായി ഞാൻ. അയാൾ സമ്മതിച്ചു. അങ്ങനെയാണ് ഞാൻ സ്കൂളിൽ ചേർന്നത്. ഉച്ചവിട്ടപ്പോൾ ഞാൻ അമ്മയോടു ചെന്നു പറഞ്ഞു. അമ്മേ, ഞാൻ പള്ളിക്കൂടത്തിൽ ചേർന്നെന്ന്.

വിദ്യാർഥിയായിരുന്നപ്പോൾ എനിക്ക് ഫീസും ആഹാരവും തരാൻ വിഷാദ ഭാരത്തോടുകൂടി ബുദ്ധിമുട്ടുന്ന എന്റെ അമ്മയുടെ ആ നിസ്സഹായാവസ്ഥയാണ് ആദ്യമായി എന്റെ കൊച്ചുഹൃദയത്തിൽ ചിരട്ടത്തീ കത്തിച്ചുതുടങ്ങിയത്.

അടിയുടെയും ഓട്ടത്തിന്റെയും ചെകുത്താൻതീ കണ്ടതിന്റെയും പറങ്കിമാവിൽ നിന്നു വീണതിന്റെയുമൊക്കെ ധാരാളം കഥകൾ എനിക്ക് എന്റെ കൂട്ടുകാരോടു പറയാനുണ്ടായിരുന്നു. ഈ സ്വാധീനശക്തി നിമിത്തം പണക്കാരുടെ കുട്ടികൾപോലും എന്റെ പരമാധികാരത്തിനു കീഴിലാണ് അന്നു വർത്തിച്ചു പോന്നത്.

നാലാംക്ലാസ് ജയിച്ചശേഷം എന്റെ കൂട്ടുകാർ ഇംഗ്ളീഷ് സ്കൂളിലേക്കു പോയിത്തുടങ്ങി. എന്നെ ഇംഗ്ളീഷ് സ്കൂളിലേക്കയയ്ക്കാത്തത് എന്തുകൊണ്ടാണെന്ന് ഞാൻ അമ്മയോടു ചോദിച്ചുകൊണ്ടിരുന്നു. എന്റെ ഇംഗ്ളീഷ് സ്കൂൾ ഉപദ്രവം സഹിച്ചുകൂടാതായ ഒരു ദിവസം നല്ലതു നാലെണ്ണം തുടയ്ക്കു വച്ചു തന്നശേഷം അമ്മ നല്കിയ നിർദേശം ഇതായിരുന്നു : "പോയി വല്ല ജോലിയും നോക്ക്. ഇനി തീയിലും വെള്ളത്തിലും ഒന്നും പോകുകേല. അമ്പ! പടക്കുതിര കെടന്നു പെടക്കുന്നു. അപ്പഴാ ഞൊണ്ടിക്കുതിര!"

അടികൊണ്ട ഞാൻ ഏങ്ങലടിച്ചു കരഞ്ഞുകൊണ്ടിരുന്നു. പക്ഷേ, ഇടയ്ക്കിടയ്ക്ക് മുഖംതിരിച്ച് ആ സ്നേഹഗംഭീരയും കണ്ണുകൾ തുടയ്ക്കുന്നുണ്ടായിരുന്നു.

**ഞാൻ കഥാകാരനായ കഥ** **പൊൻകുന്നം വർക്കി**

### കുഞ്ഞുനൊമ്പരം

പൊൻകുന്നം വർക്കി തന്റെ കുട്ടിക്കാലത്തെ അനുഭവങ്ങൾ ഓർക്കുകയാണ്. എന്തെല്ലാം ഓർമ്മകളാണ് കഥാകാരൻ പങ്കുവയ്ക്കുന്നത്? നിങ്ങളെ ഏറെ സ്പർശിച്ച അനുഭവം ഏതാണ്? പറയൂ.

### എഴുത്തിന്റെ കരുത്ത്

അതുകൊണ്ട് <u>പരുപരുപ്പുകളിൽക്കൂടി</u> ഞങ്ങൾ വളർന്നു.

അടിവരയിട്ട പ്രയോഗമെന്തിനെയാണ് സൂചിപ്പിക്കുന്നത്?

കുട്ടിക്കാലത്ത് സഹിച്ച കഷ്ടപ്പാടുകൾ...

മറ്റൊരു പ്രയോഗം നോക്കൂ.

<u>ശേഷിയുള്ളത് ശേഷിക്കും</u> എന്ന മട്ടിൽ ഞാൻ വളർന്നുകയറി.

പാഠത്തിൽ ഇതുപോലെയുള്ള പ്രയോഗങ്ങൾ ഇനിയുമുണ്ട്. അവ കണ്ടെത്തി അവയുടെ ആശയം വിശദമാക്കി നോട്ടുപുസ്തകത്തിൽ കുറിക്കുമല്ലോ.

## അമ്മയെക്കുറിച്ച്

*താഴെ ചേർത്ത കവിതകൾ ഗ്രൂപ്പുകളിൽ വായിച്ച് ചർച്ച ചെയ്യൂ.*

*അമ്മയെ കെട്ടിപ്പിടിച്ചു കിടക്കുമ്പോൾ*
*അപർണ പറഞ്ഞു:*
*"അമ്മയ്ക്ക് നല്ല മണം."*
*"എന്തു മണം?"*
*"അമ്മമണം"*

***

*'ഞാൻ ആദ്യമായി നീരുറവ കണ്ടത്*
*എന്റെ അമ്മയുടെ കണ്ണിൽനിന്നാണ്.*
*ഒരു വെയിലായി എനിക്കതിനെ*
*വറ്റിക്കാനാവുമോ?'*

***



*'കറിയുപ്പ് തീർന്നു.*
*എങ്കിലും,*
*വിയർപ്പ് കുറുക്കിയെടുത്ത്*
*അമ്മ കഞ്ഞിയുണ്ടാക്കി.'*

***



*അടുക്കളയ്ക്ക് കറുപ്പുനിറം*
*പുകയും വിറകിൻ കറുപ്പുനിറം*
*എത്ര തിരക്കിലുമെന്നെ കണ്ടാൽ*
*അമ്മമനസ്സിൽ മുല്ലനിറം!*

***

*ഓരോ കവിതയിലും അമ്മയെക്കുറിച്ച് പറയുന്ന കാര്യങ്ങൾ കണ്ടെത്തി പറയൂ.*



### താരതമ്യം ചെയ്യാം

*ഒരു ലേഖനഭാഗം വായിക്കാം.*

*സാധാരണ മട്ടിലുള്ള ഒരണുകുടുംബം. പ്രഭാതം. സ്കൂൾ വിദ്യാർഥിയായ മകൻ ഊൺമേശപ്പുറത്ത് പുസ്തകങ്ങൾ നിരത്തിവെച്ചു പഠിക്കുകയാണ്. ഇടയ്ക്കൊരു സമയത്ത് അവൻ അമ്മയെ വിളിച്ചു. ആദ്യം പതുക്കെ. പിന്നെ തെല്ലുറക്കെ. അങ്ങനെ മൂന്നോ നാലോ വട്ടം. അവർ വിളികേട്ടില്ല.*

*അമ്മ തൊട്ടപ്പുറത്ത് അടുക്കളയിലുണ്ട്. പുലർച്ചെ നാലുമണിക്കെഴുന്നേറ്റ് തുടങ്ങിയ പണിയാണ്. തിരക്കോടുതിരക്ക്. വീട്ടിൽ നാലാളുണ്ടെങ്കിൽ അവർക്ക് അഞ്ചുതരം വിഭവം വേണം. ഒരുകൈ സിങ്കിലെ പാത്രങ്ങളിൽ, ഒരുകൈ കുക്കിങ് സ്റ്റൗവിൽ, ഒരുകൈ ചിരവയിൽ, ഒരുകൈ മിക്സിയിൽ അങ്ങനെ ചടുലനർത്തനമാണ്. ഇതൊക്കെ കഴിഞ്ഞുവേണം, കുളിച്ചൊരുങ്ങി ഇറങ്ങിയോടാൻ. ബസ്സു പിടിച്ച് ആപ്പീസിലെത്തേണ്ടേ? ആരും നിർബന്ധിച്ചിട്ടല്ല. സമയത്ത് ജോലിക്കെത്തണമെന്ന ഒരു താൽപര്യം. ഉള്ളിലെ രോഷവും സങ്കടവും മകന്റെ വിളിയെ അവഗണിക്കാൻ അവരെ പ്രേരിപ്പിച്ചു.*

***സംഗീതാർദ്രമായ രണ്ടക്ഷരം*** — ***അശോകൻ ചരുവിൽ***

*പൊൻകുന്നം വർക്കിയുടേയും അശോകൻ ചരുവിലിന്റേയും രചനകളിലെ അമ്മമാരുടെ ജീവിതാവസ്ഥ കാണിച്ച് തരുന്ന ചില സൂചനകൾ നോക്കൂ.*

| പൊൻകുന്നം വർക്കിയുടെ അമ്മ | അശോകൻ ചരുവിലിന്റെ രചനയിലെ അമ്മ |
|---|---|
| • *പാവപ്പെട്ട കുടുംബം*<br>• *മക്കളുടെ പഠനത്തിൽ ശ്രദ്ധിക്കാനാവുന്നില്ല*<br>• *വിദ്യാഭ്യാസമില്ല. കൂലിപ്പണിയെടുക്കുന്നു.*<br>•<br>• | • *ഇടത്തരം കുടുംബം*<br>• *താല്പര്യമുണ്ടെങ്കിലും പറ്റുന്നില്ല*<br>• *ഓഫീസ് ജോലിയുണ്ട്.*<br>•<br>• |

*സൂചനകളുടെയും നിങ്ങൾ കൂട്ടിച്ചേർത്തവയുടെയും സഹായത്തോടെ രണ്ട് അമ്മമാരുടേയും ജീവിതം താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.*

*അമ്മയും കുഞ്ഞും തമ്മിലുള്ള സ്നേഹത്തെക്കുറിച്ചാണ് ഇതുവരെ നാം മനസ്സിലാക്കിയത്. പരസ്പരസ്നേഹം മനുഷ്യരിൽനിന്ന് പ്രകൃതിയിലേക്ക് പടരുന്ന കാഴ്ച ഇനി കാണാം.*

## മരങ്ങളുടെ ഭാഷ

*കുട്ടിയുടെ വീടിനുചുറ്റും ധാരാളം സസ്യങ്ങൾ ഉണ്ടായിരുന്നു. അച്ഛൻ നട്ടു നനച്ചു വളർത്തിയവയും വളപ്പിൽ താനേ മുളച്ചുവന്നവയും.*

*ഒരുനാൾ തൊടിയിൽ കയ്പവള്ളിക്ക് പന്തലിട്ടു കൊടുക്കുന്ന അച്ഛനെ ശ്രദ്ധിച്ചുകൊണ്ട് നിൽക്കുകയായിരുന്നു അവൾ. കയ്പവള്ളികൾ ഓരോന്നായി കൈകൊണ്ട് പതുക്കെ പൊക്കിപ്പിടിച്ച് പുഴുക്കേടുകൾ നുള്ളിനീക്കിക്കൊണ്ടിരുന്ന അച്ഛൻ എന്തൊക്കെയോ പിറുപിറുക്കുന്നുണ്ടായിരുന്നു. അച്ഛൻ തന്നോടല്ല സംസാരിക്കുന്നതെന്ന് അവൾക്ക് മനസ്സിലായി. അവൾ ചോദിച്ചു:*



"അച്ഛൻ ആരോടാ വർത്തമാനം പറയണത്?"

അതിന് അച്ഛന്റെ മറുപടി: "ഇതാ ഈ കയ്പവള്ളിയോട്."

"അച്ഛൻ പറയണത് കയ്പവള്ളിക്കു മനസ്സിലാവ്വോ?"

"എന്താ സംശയം? ഞാൻ പറയുന്നത് കയ്പവള്ളിക്കും അവൾ പറയുന്നത് എനിക്കും മനസ്സിലാവും."

നാലുദിവസം മുമ്പ് ഈ വള്ളി തലയുയർത്തി കാറ്റിലാടി അങ്ങോട്ടുമിങ്ങോട്ടും പോവുകയായിരുന്നു. അപ്പോൾ അവൾ എന്നോട് പറഞ്ഞു: "ദേയ്, എനിക്ക് മുകളിലോട്ട് കയറണം. പന്തലിട്ടു തരണം, പൂക്കണം, കായ്ക്കണം..." എന്നൊക്കെ. അന്ന് ഞാൻ തൽക്കാലം ഒരു താങ്ങുകമ്പ് കുത്തിക്കൊടുത്തു. "മോള് കണ്ടോ, കയ്പവള്ളി സ്പ്രിങ്പോലുള്ള അതിന്റെ കുഞ്ഞുവിരലുകൊണ്ട് കമ്പിൽ പിടിച്ചു മേലോട്ടു കയറിയത്?"

"ഇപ്പോ അച്ഛനെന്താ വള്ളിയോട് പറഞ്ഞത്?"



"ഞാൻ പറഞ്ഞു, മിടുക്കീ, കമ്പ് മതിയാവുന്നില്ല, അല്ലേ നിനക്ക്. സുഖമായി കയറിക്കിടക്കാൻ ഞാൻ പന്തൽ കെട്ടിത്തരാംന്ന്."

"പുളു! ചെടികൾക്ക് മിണ്ടാൻ പറ്റില്ല. നമ്മുടെ മലയാളോം അറിയില്ല."

"ആരാ പറഞ്ഞത് മിണ്ടാൻ പറ്റില്ലാന്ന്? നീയൊന്ന് മേലോട്ട് നോക്ക്. പ്ലാവിന്റെ കൊമ്പ് ഒരു കൈപോലെ തെങ്ങിന്റെ അടുത്തേക്ക് വരുന്നതു കണ്ടോ? അല്പം തല ചെരിച്ചുവച്ച് തെങ്ങ് പ്ലാവിനോട് പറയുന്നത് എന്താന്നറിയ്യോ?"

"ആവോ, എനിക്കറിയില്ല."

"എന്നാൽ കേട്ടോ.. തെങ്ങ് പറയുന്നത് ഉപദ്രവിക്കാൻ വരല്ലേ എന്നാ.."

കുട്ടിക്ക് ചിരി വന്നു.

"അച്ഛൻ ചുമ്മാ പറയുന്നതാ."

"എന്നാൽ നീ തന്നെ തെങ്ങിനോട് ചോദിച്ചുനോക്ക്, ശരിയല്ലേന്ന്?"

"എങ്കിൽ പറയൂ, തെങ്ങിന്റെ ചുവട്ടിൽ നിൽക്കുന്ന പപ്പായമരം മേലോട്ടു നോക്കി എന്താ പറയണത്?"

അച്ഛൻ കൈവിരലുകൾ ചുരുട്ടി ചെവിക്ക് പിറകിൽ പിടിച്ചു, സംഭാഷണം ശ്രദ്ധിക്കാനെന്ന മട്ടിൽ. എന്നിട്ട് പറഞ്ഞു:

"ങ്ഹാ, കേൾക്കുന്നുണ്ട്. എന്താണെന്നോ, ചേച്ചീടെ തണലിൽ നിൽക്കാൻ നല്ല സുഖാ... വെയിലും മഴയും അധികം കൊള്ളണ്ടല്ലോ. എന്നാൽ സൂര്യവെളിച്ചം മുഴുവൻ മറയ്ക്കല്ലേ.. ഓലക്കൈയിലൂടെ കുറേ വെളിച്ചം എനിക്കും വിട്ടുതരണേ..ന്ന്. അതിന് തെങ്ങു പറയുന്ന മറുപടി എന്തായിരിക്കും, മോൾക്ക് പറയാൻ പറ്റ്വോ?"

അവൾ അച്ഛനെ അനുകരിച്ച് കൈപ്പത്തികൊണ്ട് ചെവിക്കു പിറകിൽ കുമ്പിൾ കുത്തി. എന്നിട്ട് സാവധാനം പറഞ്ഞു: "അനിയത്തി പേടിക്കണ്ടാ. എന്റെ ആവശ്യം കഴിച്ച് ബാക്കിയുള്ള കാറ്റും വെളിച്ചവും താഴേയ്ക്ക് തരാം."

അച്ഛൻ മോളെ അഭിനന്ദിച്ചു.

"ഭേഷ്; അതായത്, മോൾക്കും മരങ്ങളുടെ ഭാഷ വശമായി!"

**പ്രകൃതി ഒരു സ്നേഹിത** **യു. അരവിന്ദാക്ഷൻ**

## രംഗവേദി

കഥ വായിച്ചല്ലോ. കയ്പവള്ളി ഒരു കഥാപാത്രമാണ്. മറ്റു കഥാപാത്രങ്ങൾ ആരെല്ലാം?

ഈ കഥ ക്ലാസിൽ നാടകമായി അവതരിപ്പിക്കൂ...

കൂടുതൽ കഥാപാത്രങ്ങൾ ആവാം, കഥയിലുള്ള സംഭാഷണങ്ങൾക്കു പുറമേ, യോജിക്കുന്ന സംഭാഷണങ്ങൾ നിങ്ങൾക്ക് കൂട്ടിച്ചേർക്കാം.

## ഞങ്ങളും പറയുന്നുണ്ട്

"ഭേഷ്.. അതായത്, മോൾക്കും മരങ്ങളുടെ ഭാഷ വശമായി!"

അച്ഛൻ കുട്ടിയോടു പറഞ്ഞ ഈ വാക്യത്തോടെയാണ് കഥ അവസാനിക്കുന്നത്.

*മരങ്ങളും ജീവികളും മനുഷ്യനെപ്പോലെ ഭാഷ ഉപയോഗിക്കുന്നവരാണോ?*

*മരങ്ങളുടെ ഭാഷ അച്ഛനെപ്പോലെ കുട്ടിയും പഠിച്ചു എന്നു പറയുന്നതുകൊണ്ട് കഥാകൃത്ത് എന്താണുദ്ദേശിച്ചത്?*

*ഗ്രൂപ്പുകളായി തിരിഞ്ഞ് ചർച്ച ചെയ്യൂ. നിങ്ങളുടെ അഭിപ്രായങ്ങളും കണ്ടെത്തലുകളും ചേർത്ത് കുറിപ്പ് തയാറാക്കൂ.*

### ഓർമ്മത്താളിലേയ്ക്ക്

*പകലുണ്ടായ കാര്യങ്ങളെല്ലാം ഓർത്തുകൊണ്ടാണ് കുട്ടി അന്ന് ഉറങ്ങാൻ കിടന്നത്. കയ്പവള്ളിയും അച്ഛനും തമ്മിലുള്ള വർത്തമാനം അവളെ ഏറെ ചിന്തിപ്പിച്ചു. 'മോൾക്കും മരങ്ങളുടെ ഭാഷ വശമായി' എന്ന അച്ഛന്റെ വാക്കുകൾ അവളുടെ മനസ്സിൽ മുഴങ്ങിക്കൊണ്ടിരുന്നു. ഉറക്കം വരുന്നേയില്ല.*

*ജീവിതത്തിലെ മറക്കാനാവാത്ത ആ ദിവസത്തെക്കുറിച്ച് അവൾ ഡയറിയിൽ എഴുതാൻ തുടങ്ങി. നിങ്ങളും ഭാവനയ്ക്കനുസരിച്ച് ആ ഡയറി എഴുതൂ*

### പ്രകൃതിയുടെ ഭാഷ

*മരങ്ങളുടെ ഭാഷ പരിചയപ്പെട്ടു. പ്രകൃതിയുടെ ഭാഷയും സൗന്ദര്യവും നിറഞ്ഞുനിൽക്കുന്ന ഈ വരികൾ വായിക്കൂ. കവി ഈ വരികളിലൂടെ എന്തെല്ലാം അനുഭവങ്ങൾ ആവിഷ്കരിക്കുന്നുണ്ട്? ചർച്ച ചെയ്യൂ.*

ഇലകൾ കാറ്റടിച്ചുലയുന്നു, നൂറു-
ക്കിളികൾ പൂഞ്ചിറകിളക്കുന്നു, കൊഞ്ചും
മൊഴികളാൽ ചെപ്പു കിലുക്കുന്നു, പനീർ-
മലരിതളുകളുതിർക്കുന്നു, നീല-
മലയിലെമ്പാടും കുറിഞ്ഞി പൂത്തപോൽ
മതിമറന്നു മെയ് കുളിരുകോരുന്നു!
കരളിൻ തേനറ തുളുമ്പിത്തൂവുന്നു,
അകം തരിച്ചുനിന്നുലയും തൈമരം
അടിമുടി മലരണിയുന്നു, മനം-
നിറഞ്ഞു പെറ്റമ്മ ചിരിക്കുംപോലവേ!

ഏറ്റുമാനൂർ സോമദാസൻ

പട്ടം പറത്താം



*നിങ്ങളിലെത്ര പേർ പട്ടം പറത്തി കളിച്ചിട്ടുണ്ട്?*

*പട്ടം ഉണ്ടാക്കാനറിയാമോ?*

*നമുക്കൊരെണ്ണം ഉണ്ടാക്കിയാലോ?*

*ചെറിയ ഗ്രൂപ്പുകളാവാം.*

*പട്ടം ഉണ്ടാക്കാൻ എന്തെല്ലാം വേണം?*

*വർണ്ണക്കടലാസ്, ............*

*വർണ്ണക്കടലാസിനു പകരം പത്രത്തിന്റെ പേജുകളും വെള്ളക്കടലാസുമെല്ലാം ഉപയോഗിക്കാമല്ലോ?*

*ക്ലാസിൽ പട്ടം നിർമ്മിക്കാൻ തീരെ അറിയാത്ത കുട്ടികളുണ്ടാവും. അവരെ സഹായിച്ച് കൂടെ കൂട്ടണേ...*

*പട്ടം നിർമ്മിക്കൽ പൂർത്തിയായാൽ ടീച്ചറിന്റെ അനുവാദത്തോടെ മുറ്റത്തോ പറമ്പിലോ പറത്തി കളിക്കുമല്ലോ.*

പലനിറങ്ങളിലുള്ള പട്ടം ആകാശത്ത് പറക്കുമ്പോഴുള്ള ഭംഗി ആസ്വദിച്ചുവല്ലോ. ഇനി ഒരു കവിത വായിക്കാം

# പട്ടം പറപ്പിക്കട്ടെ

പാരിടമൊന്നായിക്കാണും നേട്ടം
പാറട്ടെ വാനിലെൻ കൊച്ചുപട്ടം.
താമരപ്പൂവിൻ മണവുമായ് നീ-
യോമനക്കാറ്റേ, വരികരികിൽ.



ഓരോ പടിയായ് കയറുകെന്റെ
ചേതോഹരമാം വിചാരശില്പം
താടി നരച്ചോരെന്നച്ഛനെപ്പോൽ
താഴത്തേക്കാകാശം നോക്കിനില്പൂ.

പൊന്മകനാശ്ശിസ്സു നേരുകയാ-
മമ്മയെപ്പോലഴകാർന്ന ഭൂമി.
സൂരകരങ്ങൾ തലോടിനില്പൂ,
പോരിക മേല്പോട്ടെന്നോതി മേഘം!

പാരിടമൊന്നായിത്തീരും നേട്ടം
പാറട്ടെ മീതെയെൻ കൊച്ചുപട്ടം.
കാറ്റിൻ തുണയാലുയർന്നുയർന്നൂ
മീതെ പറവയായ് ചേർന്നുനിന്നൂ

ഈ ലോകം വീക്ഷിക്കും നിൻ കരളിൻ
നൂലറ്റുപോകാതിരിക്കയെന്നും!
പാരിടമൊന്നായിക്കാണും നേട്ടം
പാറട്ടെ മീതെയെൻ കൊച്ചുപട്ടം.

മാനവനെന്നും വഴക്കടിച്ചു
കോലംകെടുത്തിയ പാരിൽനിന്നും,
പാവനചിന്താനഭസ്സിൽ, മീതെ
പാറട്ടെയെന്നുമെൻ കൊച്ചുപട്ടം.

പി. കവിതകൾ വാല്യം ഒന്ന് — പി.കുഞ്ഞിരാമൻനായർ

## ചൊല്ലി രസിക്കാം

മൂന്നോ നാലോ ഗ്രൂപ്പുകളായി കവിത ചൊല്ലൂ...
ഏതു ഗ്രൂപ്പ് ചൊല്ലിയതാണ് ഏറ്റവും ഇഷ്ടമായത്? എന്തുകൊണ്ട്?
നിങ്ങളുടെ അഭിപ്രായങ്ങൾ ക്ലാസിൽ പങ്കുവയ്ക്കൂ...

## കവിതയുടെ ഉള്ളറിയാം

കവിത ചൊല്ലിക്കേട്ടപ്പോൾ കുറേ കാര്യങ്ങൾ നിങ്ങൾക്ക് മനസ്സിലായിട്ടുണ്ടാകും. ഇനി കവിത മൗനമായി വായിച്ച്, തുടർന്നു കൊടുത്തിരിക്കുന്ന ചോദ്യങ്ങളോടുള്ള പ്രതികരണം എഴുതൂ.

- ആകാശത്തിന്റെ നോട്ടം എങ്ങനെയാണ്?
- ഭൂമിയുടെ ഭംഗിയെക്കുറിച്ച് കവി എന്താണ് പറയുന്നത്?
- മേഘം പട്ടത്തിനോട് പറഞ്ഞതെന്താണ്?
- പട്ടത്തിന് പറവപോലെ പാറാൻ കഴിയുന്നത് ആരുടെ സഹായത്താലാണ്?
- ആകാശത്ത് ഉയർന്നു പറക്കുന്ന പട്ടത്തിനുള്ള നേട്ടം എന്തായിരിക്കും?
- പാരിന്റെ കോലം കെട്ടതിന് (ഭൂമിയുടെ ഭംഗി നശിച്ചതിന്) എന്താണു കാരണം?

## വിശകലനം ചെയ്യാം

ഈ ലോകം വീക്ഷിക്കും നിൻ കരളിൻ
നൂലറ്റുപോകാതിരിക്കയെന്നും!
മാനവനെന്നും വഴക്കടിച്ചു
കോലംകെടുത്തിയ പാരിൽനിന്നും
പാവനചിന്താനഭസ്സിൽ, മീതെ
പാറട്ടെയെന്നുമെൻ കൊച്ചുപട്ടം.

ഈ വരികൾ ശ്രദ്ധിച്ചു വായിക്കൂ.

ലോകത്തെ വീക്ഷിക്കുന്ന പട്ടം, പട്ടത്തിന്റെ കരൾ, കരളിന്റെ നൂൽ, മാനവൻ വഴക്കടിച്ചു കോലംകെടുത്തിയ പാര്, പാവനചിന്താനഭസ്സ് (നല്ല ചിന്തകളുടെ ആകാശം)

പട്ടത്തെക്കുറിച്ചുമാത്രമാണോ ഈ വരികളിൽ പറയുന്നത്?

ഈ കൊച്ചുപട്ടം മറ്റെന്തെങ്കിലുമാണോ?

ഭൂമിയിലെ എല്ലാവരെയും ഒന്നായി കാണാൻ പട്ടത്തിനു കഴിയും. നമുക്കതിന് കഴിയുന്നുണ്ടോ?

നമ്മുടെ മനസ്സും പട്ടംപോലെയായി മാറിയാലോ?

നിങ്ങളുടെ അഭിപ്രായങ്ങൾ ക്ലാസിൽ അവതരിപ്പിക്കൂ. തുടർന്ന് വരികൾ വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കൂ.

## ലോകമൊരു കിളിക്കൂട്

പാരിടമൊന്നായി കാണാൻ ഇനിയും നമ്മൾ തിരിച്ചറിയേണ്ടത് എന്തെല്ലാമാണ്? യൂണിറ്റിലെ പാഠഭാഗങ്ങളിൽനിന്നും കണ്ടെത്താമോ?

പൂവിനും മൊട്ടിനും കഥ പറയാനുണ്ട്

മരങ്ങൾക്കും ഭാഷയുണ്ട്.

...................................

...................................

...................................

## സ്നേഹത്തിന്റെ ഭാഷ

ഈ യൂണിറ്റിലെ എല്ലാ പാഠഭാഗങ്ങളും പരിചയപ്പെടുത്തുന്നത് സ്നേഹമാണ്; സ്നേഹത്തിന്റെ ഭാഷയാണ്.

സ്നേഹത്തെക്കുറിച്ചുള്ള കവിവാക്യങ്ങൾ, കഥാസന്ദർഭങ്ങൾ, ഗാനങ്ങൾ, ചൊല്ലുകൾ, മഹാന്മാരുടെ വാക്കുകൾ തുടങ്ങിയവ അടുത്തുള്ള വായനശാല കളിൽ നിന്ന് ശേഖരിച്ച് നോട്ടുപുസ്തകത്തിലെഴുതിവയ്ക്കൂ.

## ഗുരുവചനം

ലോകം ഒന്നായിക്കാണണമെന്നാണ് 'പട്ടം പറപ്പിക്കട്ടെ' എന്ന കവിത നമ്മോട് പറയുന്നത്. പ്രപഞ്ചത്തെ ഒന്നായിക്കണ്ട ശ്രീനാരായണഗുരുവിന്റെ വാക്കുകൾ ശ്രദ്ധിക്കാം.



'നരനും നരനും തമ്മിൽ
സാഹോദര്യമുദിക്കണം
അതിന് വിഘ്നമായുള്ള-
തെല്ലാമില്ലാതെയാകണം'

ഈ വരികളിലൂടെ ഗുരു നമുക്ക് നൽകുന്ന സന്ദേശമെന്ത്? 'കടലോളം സ്നേഹം' എന്ന യൂണിറ്റിന്റെ തലക്കെട്ടുമായി ചേർത്ത് ഈ ഗുരുവചനം ക്ലാസിൽ ചർച്ച ചെയ്യൂ.

**സ്നേഹം തുളുമ്പുന്ന രചനകൾ**

*അമ്മ, കൂട്ടുകാർ, മരങ്ങൾ, പട്ടം ഇവയെ അടിസ്ഥാനമാക്കി കഥയോ കവിതയോ എഴുതൂ, ചിത്രവും വരയ്ക്കാം.*

*രചനകൾ ക്ലാസിൽ അവതരിപ്പിച്ച് ചർച്ച ചെയ്തു മെച്ചപ്പെടുത്തണം. അവയെല്ലാം ചേർത്ത് ഒരു സ്നേഹപ്പതിപ്പുണ്ടാക്കി പ്രകാശനം ചെയ്യൂ. പഠനോത്സവത്തിൽ പ്രദർശിപ്പിക്കുകയുമാവാം.*



## പദപരിചയം

അണുകുടുംബം - ചെറിയ കുടുംബം
ആശിസ്സ് - അനുഗ്രഹം
ഓലക്കൈ - ഓലകളാകുന്ന കൈ
ചടുലനർത്തനം - അതിവേഗത്തിലുള്ള നൃത്തം
ചിന്താനഭസ്സ് - ചിന്തയാകുന്ന ആകാശം
ചേതോഹരം - മനോഹരം
താങ്ങുകമ്പ് - വള്ളികൾക്ക് മേലോട്ട് വളരാൻ താങ്ങായി കൊടുക്കുന്ന കമ്പ്
നിപുണർ - മിടുക്കർ
നേരുക - നൽകുക, അർപ്പിക്കുക
പരമാധികാരം - ഏറ്റവും വലിയ അധികാരം
പരമാർഥം - വാസ്തവം, ഏറ്റവും ശരിയായത്
പാരിടം - ഭൂമി
പാവനം - നല്ലത്
പിറുപിറുക്കുക - വ്യക്തമല്ലാത്ത രീതിയിൽ സംസാരിക്കുക
പുളു - നുണ
പെടുക്കുന്നു - മൂത്രമൊഴിക്കുന്നു
ഭേഷ് - നന്നായി എന്നതിന് ഉപയോഗിക്കുന്ന പദം
മാനവൻ - മനുഷ്യൻ
മൊഴി - വാക്ക്
മോട്ടോർ - ബസ്സ്, കാർ തുടങ്ങിയ വാഹനങ്ങൾ
ലാളന - ഓമനിക്കൽ
വങ്ക് - പൊത്ത്
വാരിദം - മേഘം
വിഘ്നം - തടസ്സം
വിചാരശില്പം - ഭാവനയിലുള്ള രൂപം
വിണ്ണ് - ആകാശം
വിഷാദം - സങ്കടം
വീക്ഷിക്കുക - നോക്കുക
സൂരകരങ്ങൾ - സൂര്യരശ്മികൾ
സ്നിഗ്ധഭാവം - സ്നേഹം നിറഞ്ഞ ഭാവം
സ്നേഹഗംഭീര - സ്നേഹവും ഗാംഭീര്യവും നിറഞ്ഞവൾ
സ്വാധീനശക്തി - സ്വാധീനിക്കാനുള്ള കഴിവ്
മെയ് - ശരീരം
മനം - മനസ്സ്
മലർ - പൂവ്
അകം തരിക്കുക - കുളിരണിയുക

## ഭാരതത്തിന്റെ ഭരണഘടന

ഭാഗം IV ക

# മൗലിക കർത്തവ്യങ്ങൾ

**51 ക. മൗലിക കർത്തവ്യങ്ങൾ - താഴെപ്പറയുന്നവ ഭാരതത്തിലെ ഓരോ പൗരന്റെയും കർത്തവ്യം ആയിരിക്കുന്നതാണ് :**

(ക) ഭരണഘടനയെ അനുസരിക്കുകയും അതിന്റെ ആദർശങ്ങളെയും സ്ഥാപനങ്ങളെയും ദേശീയപതാകയെയും ദേശീയഗാനത്തെയും ആദരിക്കുകയും ചെയ്യുക;

(ഖ) സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള നമ്മുടെ ദേശീയസമരത്തിന് പ്രചോദനം നൽകിയ മഹനീയാദർശങ്ങളെ പരിപോഷിപ്പിക്കുകയും പിൻതുടരുകയും ചെയ്യുക;

(ഗ) ഭാരതത്തിന്റെ പരമാധികാരവും ഐക്യവും അഖണ്ഡതയും നിലനിർത്തുകയും സംരക്ഷിക്കുകയും ചെയ്യുക;

(ഘ) രാജ്യത്തെ കാത്തുസൂക്ഷിക്കുകയും ദേശീയസേവനം അനുഷ്ഠിക്കുവാൻ ആവശ്യപ്പെടുമ്പോൾ അനുഷ്ഠിക്കുകയും ചെയ്യുക;

(ങ) മതപരവും ഭാഷാപരവും പ്രാദേശികവും വിഭാഗീയവുമായ വൈവിധ്യങ്ങൾക്കതീതമായി ഭാരതത്തിലെ എല്ലാ ജനങ്ങൾക്കുമിടയിൽ, സൗഹാർദവും പൊതുവായ സാഹോദര്യമനോഭാവവും പുലർത്തുക, സ്ത്രീകളുടെ അന്തസ്സിന് കുറവു വരുത്തുന്ന ആചാരങ്ങൾ പരിത്യജിക്കുക;

(ച) നമ്മുടെ സമ്മിശ്രസംസ്കാരത്തിന്റെ സമ്പന്നമായ പാരമ്പര്യത്തെ വിലമതിക്കുകയും നിലനിറുത്തുകയും ചെയ്യുക;

(ഛ) വനങ്ങളും തടാകങ്ങളും നദികളും വന്യജീവികളും ഉൾപ്പെടുന്ന പ്രകൃത്യാ ഉള്ള പരിസ്ഥിതി സംരക്ഷിക്കുകയും അഭിവൃദ്ധിപ്പെടുത്തുകയും, ജീവികളോട് കാരുണ്യം കാണിക്കുകയും ചെയ്യുക;

(ജ) ശാസ്ത്രീയമായ കാഴ്ചപ്പാടും മാനവികതയും, അന്വേഷണത്തിനും പരിഷ്കരണത്തിനും ഉള്ള മനോഭാവവും വികസിപ്പിക്കുക;

(ഝ) പൊതുസ്വത്ത് പരിരക്ഷിക്കുകയും ശപഥം ചെയ്ത് അക്രമം ഉപേക്ഷിക്കുകയും ചെയ്യുക;

(ഞ) രാഷ്ട്രം യത്നത്തിന്റെയും ലക്ഷ്യപ്രാപ്തിയുടെയും ഉന്നതതലങ്ങളിലേക്ക് നിരന്തരം ഉയരത്തക്കവണ്ണം വ്യക്തിപരവും കൂട്ടായതുമായ പ്രവർത്തനത്തിന്റെ എല്ലാ മണ്ഡലങ്ങളിലും ഉൽക്കൃഷ്ടതയ്ക്കുവേണ്ടി അധ്വാനിക്കുക;

(ട) ആറിനും പതിനാലിനും ഇടയ്ക്ക് പ്രായമുള്ള തന്റെ കുട്ടിക്കോ തന്റെ സംരക്ഷണയിലുള്ള കുട്ടികൾക്കോ, അതതു സംഗതി പോലെ, മാതാപിതാക്കളോ രക്ഷാകർത്താവോ വിദ്യാഭ്യാസത്തിനുള്ള അവസരങ്ങൾ ഏർപ്പെടുത്തുക.

# കുട്ടികളുടെ അവകാശങ്ങൾ

പ്രിയമുള്ള കുട്ടികളേ,

നിങ്ങൾക്കുള്ള അവകാശങ്ങളെന്തെല്ലാമെന്ന് അറിയേണ്ടതില്ലേ? അവകാശങ്ങളെക്കുറിച്ചുള്ള അറിവ് നിങ്ങളുടെ പങ്കാളിത്തം, സംരക്ഷണം, സാമൂഹികനീതി എന്നിവ ഉറപ്പാക്കാൻ പ്രേരണയും പ്രചോദനവും നൽകും. നിങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ ഇപ്പോൾ ഒരു കമ്മീഷൻ പ്രവർത്തിക്കുന്നുണ്ട്. കേരള സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ എന്നാണ് അതിന്റെ പേര്. എന്തെല്ലാമാണ് നിങ്ങൾക്കുള്ള അവകാശങ്ങൾ എന്നു നോക്കാം.

- സംസാരത്തിനും ആശയപ്രകടനത്തിനുമുള്ള സ്വാതന്ത്ര്യം
- ജീവന്റെയും വ്യക്തിസ്വാതന്ത്ര്യത്തിന്റെയും സംരക്ഷണം
- അതിജീവനത്തിനും പൂർണ്ണവികാസത്തിനുമുള്ള അവകാശം
- ജാതി-മത-വർഗ-വർണ്ണ ചിന്തകൾക്കതീതമായി ബഹുമാനിക്കപ്പെടാനും അംഗീകരിക്കപ്പെടാനുമുള്ള അവകാശം
- മാനസികവും ശാരീരികവും ലൈംഗികവുമായ പീഡനങ്ങളിൽ നിന്നുള്ള സംരക്ഷണത്തിനും പരിചരണത്തിനുമുള്ള അവകാശം
- പങ്കാളിത്തത്തിനുള്ള അവകാശം
- ബാലവേലയിൽനിന്നും ആപൽക്കരമായ ജോലികളിൽനിന്നുമുള്ള മോചനം
- ശൈശവവിവാഹത്തിൽനിന്നുള്ള സംരക്ഷണം
- സ്വന്തം സംസ്കാരം അറിയുന്നതിനും അതനുസരിച്ച് ജീവിക്കുന്നതിനുമുള്ള സ്വാതന്ത്ര്യം
- അവഗണനകളിൽനിന്നുള്ള സംരക്ഷണം
- സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശം
- കളിക്കാനും പഠിക്കാനുമുള്ള അവകാശം
- സ്നേഹവും സുരക്ഷയും നൽകുന്ന കുടുംബവും സമൂഹവും ലഭ്യമാകാനുള്ള അവകാശം

## നിങ്ങളുടെ ചില ഉത്തരവാദിത്വങ്ങൾ

- സ്കൂൾ, പൊതുസംവിധാനങ്ങൾ എന്നിവ നശിപ്പിക്കാതെ സംരക്ഷിക്കുക.
- സ്കൂളിലും പഠനപ്രവർത്തനങ്ങളിലും കൃത്യനിഷ്ഠ പാലിക്കുക.
- സ്കൂൾ അധികാരികളെയും അധ്യാപകരെയും മാതാപിതാക്കളെയും സഹപാഠികളെയും ബഹുമാനിക്കുകയും അംഗീകരിക്കുകയും ചെയ്യുക.
- ജാതി-മത-വർഗ-വർണ്ണ ചിന്തകൾക്കതീതമായി മറ്റുള്ളവരെ ബഹുമാനിക്കാനും അംഗീകരിക്കാനും സന്നദ്ധരാവുക.


*ബന്ധപ്പെടേണ്ട വിലാസം:*

**കേരള സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ**

ശ്രീ ഗണേഷ്, റ്റി.സി. 14/2036, വാൻറോസ് ജംങ്ഷൻ,

കേരള യൂണിവേഴ്സിറ്റി പി.ഒ, തിരുവനന്തപുരം – 34

ഫോൺ 0471 – 2326603

ഇ- മെയിൽ childrights.cpcr@kerala.gov.in, rte.cpcr@kerala.gov.in

വെബ്സൈറ്റ് : www.kescpcr.kerala.gov.in


ചൈൽഡ് ഹെൽപ്പ് ലൈൻ - 1098, ക്രൈം സ്റ്റോപ്പർ - 1090, നിർഭയ – 1800 425 1400

കേരള പൊലീസ് ഹെൽപ്പ് ലൈൻ - 0471 – 3243000/44000/45000

*online **R.T.E Monitoring : www.nireekshana.org.in***